**സബ്മിഷൻ**

(1) ഗവേഷണം പൂർത്തീകരിക്കാൻ അവസരം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ജാതി വിവേചനം നേരിടേണ്ടി വന്നതിനെത്തുടർന്ന് മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഒരു ദളിത് വിദ്യാർത്ഥിനി കഴിഞ്ഞ പത്ത് ദിവസത്തിലധികമായി ക്യാമ്പസിൽ നിരാഹാരം അനുഷ്ഠിക്കുകയാണ്. വളരെ ഗൗരവതരമായ ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. മെഡിക്കൽ മൈക്രോബയോളജിയിൽ ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയ ഈ പെൺകുട്ടി മറ്റ് രണ്ട് ദളിത് പെൺകുട്ടികളോടൊപ്പമാണ് അവിടെ എം.ഫിൽ.-ന് ചേർന്നത്. ജാതി വിവേചനം കൊണ്ട് മറ്റ് രണ്ട് പെൺകുട്ടികളും പഠനം നിർത്തിപോയി. ഈ പെൺകുട്ടിമാത്രം എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് അവിടെ പഠിച്ചു. എം.ഫിൽ. പഠനം പൂർത്തിയാക്കി GATE എക്സാം പാസ്സായി. Ph.D-യ്ക്ക് ജോയിൻ ചെയ്യാൻ ടി.സി. കൊടുക്കാൻ മനഃപൂർവ്വം വൈകിപ്പിച്ച് ആ കുട്ടിയുടെ ഒരു വർഷം ആദ്യം കളഞ്ഞു. അവസാനം Ph.D-യ്ക്ക് ജോയിൻ ചെയ്തുകഴിഞ്ഞപ്പോൾ കെമിക്കൽ കൊടുക്കാതെ അവിടത്തെ ആളുകളെല്ലാപേരും ചേർന്ന് അവരെ വല്ലാതെ ബുദ്ധിമുട്ടിച്ചു. അവസാനം

അവർക്ക് കോടതിയിൽ പോകേണ്ട സ്ഥിതിവന്നു. കോടതി വളരെ ഗൗരവത്തോടുകൂടി ഈ വിഷയം കൈകാര്യം ചെയ്തു. ആ കുട്ടിക്ക് കെമിക്കൽസ് വാങ്ങി നൽകണമെന്ന് കോടതി ഉത്തരവ് ഇറക്കി. സർവ്വകലാശാല ഒരു അന്വേഷണ കമ്മീഷനെ വച്ചു. അവിടെ പെൺകുട്ടി ഉന്നയിച്ച പരാതി വാസ്തവമാണെന്ന് തെളിഞ്ഞു. ജാതിപരമായ വിവേചനം നടന്നുയെന്ന ആരോപണം ശരിയാണെന്ന് ആ സമിതി വിലയിരുത്തി. ഈ സെന്ററിൽ ചില വിദ്യാർത്ഥികൾക്ക് നിയമങ്ങൾ മറികടന്ന് ആനുകൂല്യങ്ങൾ നൽകുന്നതും ചില വിദ്യാർത്ഥികളോട് മുൻവിധിയോടെ പെരുമാറുന്നതും സർവ്വകലാശാലപോലെ ഒരു സ്ഥാപനത്തിൽ നടക്കാൻ പാടില്ലാത്തതാണെന്ന് കമ്മീഷൻ റിപ്പോർട്ട് കൊടുത്തു. എന്നിട്ടും ഒരു നടപടിയും സ്വീകരിച്ചില്ല. അതിനുശേഷം ഹൈക്കോടതി 2018-ൽ വീണ്ടും ഇടപെട്ടു. പെൺകുട്ടിക്ക് ഗവേഷണത്തിന് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കണമെന്ന് സർവ്വകലാശാലയോട് നിർദ്ദേശിച്ചെങ്കിലും കൊടുത്തില്ല. പരാതിക്കാരിയുടെ ആവലാതികൾ പരിഹരിക്കണമെന്ന് വീണ്ടും സർവ്വകാലാശാലയ്ക്ക് ഹൈക്കോടതി നിർദ്ദേശം കൊടുത്തു. പെൺകുട്ടിക്ക് ഗവേഷണ പ്രവർത്തനങ്ങൾക്കായി ലാബ് തുറന്നുകൊടുക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വീണ്ടും നിർദ്ദേശിച്ചു.

ഗവേഷണം നടത്തുന്ന ഒരു വിദ്യാർത്ഥിനിക്ക് കെമിക്കൽ ലഭിക്കാനും ലാബ് തുറന്നുകൊടുക്കാനും കേരള ഹൈക്കോടതിയിൽ പോയി റിട്ട് പെറ്റീഷൻ കൊടുക്കേണ്ട ഗതികേട് കേരളത്തിലല്ലാതെ എവിടെയുണ്ട്. പോലീസിൽ പരാതി കൊടുത്തു. എന്നാൽ അതുമുഴുവൻ അട്ടിമറിച്ച്, ഒരു കുഴപ്പവുമില്ലായെന്ന് പറഞ്ഞു. ഇത് ജാതി വിവേചനമാണെന്ന് പ്രോ-വൈസ് ചാൻസലറിന്റെ മുറിയിലുണ്ടായിരുന്നയാൾതന്നെ വളരെ വ്യക്തമായി പറഞ്ഞു. പട്ടികജാതി കമ്മീഷൻ ഇതിൽ ഇടപെട്ട് നടപടികൾ സ്വീകരിക്കണമെന്ന് പറഞ്ഞു. ഒരുതരത്തിലും നടപടി സ്വീകരിക്കാതെ, ഗവേഷണം നടത്തുന്ന ഈ കുട്ടിയോട് ജാതി വിവേചനം കാണിച്ച് നിരന്തരമായി അതിനെ പ്രയാസപ്പെടുത്തുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ആറു വർഷമാണ് ഈ കുട്ടിയുടെ ജീവിതത്തിൽ നഷ്ടപ്പെട്ടത്. ഗവേഷണത്തിന് കെമിക്കൽ കൊടുക്കില്ല, ലാബ് തുറന്നുകൊടുക്കില്ല, വളരെ മോശമായി സംസാരിക്കും, തീസിസ് സബ്മിറ്റ് ചെയ്യുമ്പോൾ മോഷ്ടിച്ചതാണെന്ന് ആക്ഷേപിക്കും. പട്ടികജാതിക്കാരിക്ക് ഈ പണിയൊന്നും പറ്റിയതല്ലായെന്ന് പറയും. ജാതിവിവേചനത്തോടുകൂടി പൂർണ്ണമായ വിവേചനം എല്ലാ രംഗത്തും ഉണ്ടായിട്ടുണ്ട്. നമുക്കറിയാം ഇത് മനുഷ്യാവകാശ ലംഘനമാണ്, ജാതി വിവേചനമാണ് ഇതിനെതിരായി നടപടി

സ്വീകരിക്കണ്ടേ? ഇതിന്റെ ഡയറക്ടറെക്കുറിച്ച് ആരോപണം വന്നു. അദ്ദേഹത്തിന് ചാർജ്ജ് ആയിരുന്നു. ഡയറക്ടറിനെതിരെ ആരോപണം വന്നു വലിയ വിഷയമായപ്പോൾ  അദ്ദേഹത്തെ മാറ്റി, വൈസ് ചാൻസലറിന് കൊടുത്തു. വൈസ് ചാൻസലർ നേരത്തെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായിരുന്നു. അദ്ദേഹമാണ് ഇതിനെല്ലാം ഈ ഡയറക്ടർക്ക് കൂട്ടുനിന്നത്. വീണ്ടും അതേ ആൾ തന്നെ ആ സ്ഥാനത്ത് വന്നിരിക്കുകയാണ്. ഇവർക്ക് ഗവേഷണം തുടരാൻ കഴിയാത്ത സ്ഥിതി ആ സർവ്വകലാശാലയിലുണ്ടായിരിക്കുന്നു. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ എ.ഐ.എസ്.എഫ്. വിദ്യാർത്ഥിനി ക്രൂരമായി അധിക്ഷേപിക്കപ്പെടുകയും ലൈംഗികാതിക്രമത്തിന് വിധേയയാകുകയും ചെയ്തിട്ട് ആ പ്രതികളെ ഇതുവരെ അറസ്റ്റുചെയ്തിട്ടില്ല; അതൊരു ദളിത് പെൺകുട്ടിയാണ്. എന്തൊരു അപമാനകരമായ കാര്യമാണിത്. ഇതെല്ലാം നിയമസഭയിൽ വന്നുപറയേണ്ട ഒരു സംസ്ഥാനമായി കേരളം അധഃപതിച്ചോ? ഇക്കാര്യം വളരെ ഗൗരവത്തോടുകൂടി സർക്കാർ കാണുകയും ആ കുട്ടിക്ക് ഗവേഷണ പഠനം തുടരാനുള്ള നടപടി സ്വീകരിക്കുകയും ഉത്തരവാദികളായ ആളുകൾക്കെതിരായി നിയമം അനുശാസിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ – ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സബ്മിഷനായി ഉന്നയിച്ച കാര്യത്തിനെ ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടിയാണ് സമീപിക്കുന്നത്. അദ്ദേഹം ഉന്നയിച്ചത്, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പഠിക്കുന്ന ശ്രീമതി ദീപ പി. മോഹനൻ എന്ന വിദ്യാർത്ഥിനിക്കുണ്ടായ പ്രശ്നങ്ങളെ സംബന്ധിച്ചാണ്. ശ്രീമതി ദീപ പി. മോഹനൻ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ International and Inter University Centre for Nanoscience and Nanotechnology-യിൽ ഗവേഷണത്തിനുവേണ്ടി 24.03.2014-നാണ് ചേർന്നത്. ഈ ഗവേഷണ വിദ്യാർത്ഥിനിക്ക് അഞ്ചുവർഷത്തെ ഗവേഷണം പൂർത്തീകരിക്കാൻ കഴിയേണ്ടതായിരുന്നു. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പല കാരണങ്ങളാൽ ആ കുട്ടിക്ക് ഗവേഷണം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ഈ കുട്ടിക്കെതിരായ പീഡനത്തെ സംബന്ധിച്ചുള്ള പരാതി 2015-ൽ തന്നെ കൃത്യമായി കൊടുത്തിട്ടുണ്ട്. അതനുസരിച്ചാണ് യൂണിവേഴ്സിറ്റി ഒരു

അന്വേഷണ കമ്മീഷനെ വയ്ക്കുകയും അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പോലീസിലേക്ക് കേസ് റഫർ ചെയ്യുകയും ചെയ്തത്. പോലീസ് Scheduled Caste and Scheduled Tribe (Prevention of Atrocities) Act, അനുസരിച്ച് കേസെടുക്കുകയും അന്വേഷണം നടത്തുകയും കോടതിയിൽ ആ അന്വേഷണ റിപ്പോർട്ട് ഹാജരാക്കുകയും ചെയ്തു. അത് സംബന്ധിച്ച് കോടതിയിൽനിന്നും വന്ന ഉത്തരവിൽ, പ്രസ്തുത ആക്ടിന്റെ പരിധിയിൽ ഈ വിഷയം വരില്ലായെന്ന് പറയുകയും ചെയ്തിട്ടുണ്ടായിരുന്നു. ഇത് 2014 മുതൽ തുടങ്ങിയതാണ്. ആ കുട്ടിയുടെ ഗവേഷണത്തിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തെങ്കിലുമുണ്ടോ എന്നത് പരിശോധിക്കുന്നതിനുവേണ്ടിയിട്ടുള്ള വലിയരീതിയിലുള്ള ഇടപെടലാണ് പിന്നീട് യൂണിവേഴ്സിറ്റിയിലുണ്ടായത്. ഗവേഷണ കാലാവധി 2019-ൽ അവസാനിപ്പിക്കേണ്ടതാണ്. അതിനെതിരായി കുട്ടി ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. ഗവേഷണമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ലംഘിച്ചാൽ യുക്തമായ നടപടി സർവ്വകലാശാലയ്ക്ക് സ്വീകരിക്കാമെന്നാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പറഞ്ഞത്. തുടർന്ന് വിദ്യാർത്ഥിനിക്ക് ഗവേഷണ പഠനം പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള സമയം

അനുവദിക്കുന്ന കാര്യത്തെ സംബന്ധിച്ച് സർവ്വകലാശാല ചർച്ച ചെയ്യുകയുണ്ടായി. അഞ്ചുവർഷംകൊണ്ട് പൂർത്തീകരിക്കേണ്ട ഗവേഷണം ആറുവർഷകാലാവധി അവസാനിച്ചിട്ടും പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാൻവേണ്ടി യൂണിവേഴ്സിറ്റി തയ്യാറായി. ഇതിനിടയിലാണ് ജാതി വിവേചനവും മാനസിക വിഷമതയും സൃഷ്ടിക്കുന്നു എന്നതരത്തിലുള്ള നിരവധി പരാതികൾ ഗവേഷണകേന്ദ്രത്തിന്റെ മേധാവിയായ ഡോ. നന്ദകുമാർ കളരിക്കലിന് എതിരായി ഉയർന്നുവരികയുണ്ടായത്. അതുസംബന്ധിച്ച് യൂണിവേഴ്സിറ്റി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് തുടർ നടപടികളെല്ലാം സ്വീകരിച്ചത്. ഇതിനിടയിലാണ് 2020 മുതൽ വീണ്ടും ഒരു വർഷത്തേയ്ക്ക് കാലാവധി ദീർഘിപ്പിച്ചുനൽകണമെന്ന് യൂണിവേഴ്സിറ്റിയോട് വിദ്യാർത്ഥിനി ആവശ്യപ്പെട്ടത്. കാലാവധി ദീർഘിപ്പിച്ചുകൊടുക്കുന്ന കാര്യത്തിലും നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റുതന്നെ, ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇക്കാര്യം അറിഞ്ഞുകഴിഞ്ഞപ്പോൾ ഇടപെടുകയുണ്ടായി. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇടപെട്ടുകൊണ്ടാണ് വീണ്ടും ഈ കുട്ടിക്ക് ഗവേഷണം തുടരുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന്

യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെട്ടത്. അതിനിടയിലാണ് സമരം ആരംഭിച്ചത്. സമരത്തിന്റെ ഘട്ടത്തിലാണ് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ കാര്യത്തിൽ ഇടപെടുന്നത്. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ഇടപെട്ടുകൊണ്ട് ഈ വിദ്യാർത്ഥിനിക്ക് നീതി ലഭിക്കാൻവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിക്കുമെന്ന് വൈസ് ചാൻസലറിനോട് നേരിട്ട് പറയുക മാത്രമല്ല, നേരിട്ട് കത്തെഴുതുകയും ചെയ്യുന്ന സ്ഥിതിയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയുടെ ഉയർന്നതലത്തിലുള്ള യോഗം ചേരുകയും ഈ കുട്ടിക്ക് തുടർന്ന് പഠിക്കുന്നതിനുവേണ്ടിയുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കികൊടുക്കാൻവേണ്ടി തീരുമാനിക്കുകയും ചെയ്തു. ഈ കുട്ടിയുടെ പ്രധാന ആവശ്യം ഗവേഷണ കേന്ദ്രത്തിന്റെ തലവനായിരുന്ന ഡോ. നന്ദകുമാർ കളരിക്കലിനെ ആ സ്ഥാനത്തുനിന്നും മാറ്റണമെന്നായിരുന്നു. അദ്ദേഹത്തെ ആ സ്ഥാനത്തുനിന്നും മാറ്റി വൈസ് ചാൻസലർ ആ സ്ഥാനം ഏറ്റെടുക്കുന്ന സ്ഥിതിയുണ്ടായി. ഈ കുട്ടിക്ക് ഇനി യാതൊരു തരത്തിലുമുള്ള തടസ്സവുമില്ലാതെ ഗവേഷണം പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള എല്ലാ സഹായവും ചെയ്തുകൊടുക്കാമെന്ന് വൈസ് ചാൻസലർ തന്നെ സമരം ചെയ്യുന്ന ഈ കുട്ടിയെയും സമരത്തിന്

നേതൃത്വം കൊടുക്കുന്ന ആളുകളെയും വിളിച്ച് സംസാരിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സമരം അവസാനിപ്പിക്കുകയല്ല അവർ ചെയ്തത്. ഡോ. നന്ദകുമാറിനെ സർവ്വീസിൽനിന്നുതന്നെ ടെർമിനേറ്റ് ചെയ്യണമെന്ന നിലപാടിലേയ്ക്ക് പോകുകയാണ്. ഡോ. നന്ദകുമാറിനെ ഗവേഷണ കേന്ദ്രത്തിന്റെ തലവൻ എന്ന സ്ഥാനത്തുനിന്നുമാറ്റണമെന്നായിരുന്നു ആദ്യം ആവശ്യമെങ്കിൽ ആ ആവശ്യം നിറവേറ്റി. അതായത് ഡോ. നന്ദകുമാറിനെ ഗവേഷണ കേന്ദ്രത്തിന്റെ തലവൻ എന്ന സ്ഥാനത്തുനിന്നുമാറ്റിപകരം വൈസ് ചാൻസലർ തന്നെ  ആ ഗവേഷണ കേന്ദ്രത്തിന്റെ തലവനായി മാറുകയും ചെയ്തു. വൈസ് ചാൻസലറിനെക്കുറിച്ച് എല്ലാവർക്കും അറിയാമല്ലോ. നല്ല രീതിയിൽ ഇടപെടുന്നൊരു സ്ഥിതി ആ കാര്യത്തിലുണ്ടായിട്ടുണ്ട്. ഡോ. നന്ദകുമാറിനെ ആ സ്ഥാനത്തുനിന്നും മാറ്റിയശേഷം, അദ്ദേഹത്തെ സർവ്വീസിൽ നിന്ന് പിരിച്ചുവിടണമെന്നുള്ള നിലപാടിലേയ്ക്കാണ് സമരക്കാർ മാറിയിരിക്കുന്നത്. സർവ്വകലാശാലയുടെ നിയമവും സ്റ്റാറ്റ്യൂട്ടുമെല്ലാം അനുസരിച്ചാണ് ഒരു അദ്ധ്യാപകനെ പിരിച്ചുവിടാൻ കഴിയുന്നത്. അതിന്റെ അടിസ്ഥാനത്തിൽ എന്താണ് നടപടി സ്വീകരിക്കേണ്ടതെന്നുള്ളത് പിന്നീട് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ബഹുമാനപ്പെട്ട ഗവർണർ തന്നെ ഈ കാര്യത്തിൽ ഇടപെടുകയുണ്ടായി. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയും കോട്ടയം കളക്ടർ ഉൾപ്പെടെയുള്ള മറ്റ് ഉയർന്ന വ്യക്തികളുമെല്ലാം ഇടപെട്ട് വിവിധ ഘട്ടങ്ങളിൽ ചർച്ചകൾ നടത്തുകയുണ്ടായി. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള ജാതീയമായ വിവേചനങ്ങളോ പീഡനങ്ങളോ ഈ കുട്ടിക്ക് നേരിടേണ്ടി വന്നിട്ടുണ്ടെങ്കിൽ അതുകൂടി കൃത്യമായി അന്വേഷിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഈ കുട്ടിക്ക് തുടർന്ന് പഠിക്കാനുള്ള എല്ലാ സൗകര്യങ്ങളും ...... പല സ്ഥലത്തും പല തരത്തിലുള്ള വിവേചനങ്ങളും ഇപ്പോഴും നേരിടുന്നുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത്തരത്തിലുള്ള എന്തെങ്കിലും പീഡനങ്ങൾ സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥികൾക്ക് നേരിടുന്നുണ്ടെങ്കിൽ അതുസംബന്ധിച്ച് കൃത്യമായിട്ടുള്ള പരാതിയുണ്ടെങ്കിൽ ആ പരാതി അന്വേഷിച്ച് കുറ്റവാളികൾക്കെതിരായി ശക്തമായ നിലപാട് സ്വീകരിക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. അവരെ സംരക്ഷിക്കുകയെന്ന നിലപാട് ഒരു കാരണവശാലും ഗവൺമെന്റ്

സ്വീകരിക്കുകയില്ല. അതുകൊണ്ടുതന്നെ ഈ കുട്ടിക്ക് എല്ലാ സഹായവും നൽകണമെന്നാണ് പൊതുവെയുള്ളത്. ശ്രീമതി ദീപ പി. മോഹനന്റെ ഗവേഷണപ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്നതിന് ആരുടെയെങ്കിലും ഭാഗത്തുനിന്ന് ബോധപൂർവ്വമായിട്ടുള്ള ഇടപെടലുണ്ടായിട്ടുണ്ടെങ്കിൽ അത് കൃത്യമായി പരിശോധിക്കാനും ജാതി വിവേചനമടക്കമുള്ള നിലപാടുകളുണ്ടാകുകയോ അല്ലെങ്കിൽ അവരെ പീഡിപ്പിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, അത് ബോദ്ധ്യപ്പെട്ടുകഴിഞ്ഞാൽ തീർച്ചയായും കുറ്റക്കാർക്കെതിരെ ചട്ടപ്രകാരമുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുയാണ്. ഒരു കാരണവശാലും തെറ്റ് ചെയ്യുന്ന ആളുകളെ സംരക്ഷിക്കുന്ന നിലപാട് ഈ ഗവൺമെന്റ് സ്വീകരിക്കുകയില്ല. ഈ കുട്ടിയുടെ നിരാഹാര സമരം അവസാനിപ്പിക്കേണ്ടതാണ്. പ്രധാനപ്പെട്ട ഡിമാന്റുണ്ടായിരുന്നത് ഗവേഷണ കേന്ദ്രത്തിന്റെ ഡയറക്ടറായിട്ടുള്ള ഡോ. നന്ദകുമാറിനെ മാറ്റണമെന്നാണ്. അദ്ദേഹത്തെ മാറ്റി ആ സ്ഥാനത്ത് വൈസ് ചാൻസലർ തന്നെ ആ സ്ഥാനമേറ്റെടുത്തു. പിന്നെയും സമരമായി പോകുന്നതിന്റെ പിന്നിലുള്ള താൽപ്പര്യമെന്താണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. ഒരു കാരണവശാലും ഒരു വിദ്യാർത്ഥിയെയും

പീഡിപ്പിക്കാൻവേണ്ടിയുള്ള ഒരു ഇടപെടലും ഒരു ഭാഗത്തുനിന്നുമുണ്ടാകാതിരിക്കാനുള്ള ശ്രദ്ധ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും. അതുകൊണ്ട് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന സമരം അവസാനിപ്പിക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

(2) വേതന വിതരണം

ശ്രീമതി സി. കെ. ആശ: സർ, തൊഴിലുറപ്പ് തൊഴിലാളികളുടെ വേതന വിതരണത്തിൽ കേന്ദ്രസർക്കാർ പുതുതായി സ്വീകരിച്ച വിവേചനപരമായ സമീപനംമൂലം തൊഴിലുറപ്പ് മേഖലയിൽ സൃഷ്ടിച്ചിരിക്കുന്ന അസമത്വവും അനീതിയും ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനാണ് ഈ സബ്മിഷൻ. തൊഴിലുറപ്പുമേഖലയിൽ കേന്ദ്രസർക്കാരിന്റെ പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ മസ്റ്റർ റോളിൽ ജാതി കോളങ്ങൾ നിലവിൽ വരികയും അതിന്റെ അടിസ്ഥാനത്തിൽ ഒരേ തൊഴിലിടങ്ങളിൽ തൊഴിൽ ചെയ്യുന്ന എസ്.സി., എസ്.ടി., ജനറൽ എന്നീ വിഭാഗങ്ങൾക്ക് ജാതിയുടെ അടിസ്ഥാനത്തിൽ വേതനം വിതരണം ചെയ്യുകയും ചെയ്യുന്ന രീതി അത്യന്തം അപലപനീയമാണ്. കഴിഞ്ഞ ആഗസ്റ്റ് മാസവും ഇപ്പോൾ

കഴിഞ്ഞ ഒരു മാസക്കാലവുമായി കേരളത്തിലെ വിവിധ പഞ്ചായത്തുകളിൽ തൊഴിൽ ചെയ്ത പൊതുവിഭാഗം തൊഴിലാളികൾക്ക് വേതനം ലഭിച്ചിട്ടും എസ്.സി.-എസ്.ടി വിഭാഗത്തിലുള്ളവർക്ക് വേതനം ലഭിച്ചിട്ടില്ലയെന്നത് അത്യന്തം വിവേചനപരവും അനീതിയുമാണെന്ന് പറയുവാൻ ഈ അവസരത്തിൽ ഞാൻ ആഗ്രഹിക്കുകയാണ്. ഒരേ മേഖലയിൽ ഒരേ ജോലി ഒരുമിച്ച് ചെയ്യുന്ന തൊഴിലാളികളിൽ ഒരു വിഭാഗത്തിന് വേതനം ലഭിക്കുകയും മറ്റൊരു വിഭാഗത്തിന് വേതനം ലഭ്യമല്ലാതാകുകയും ചെയ്യുന്ന സാഹചര്യം അത്യന്തം വിവേചനപരമായതിനാൽ ഈ വിഷയത്തിൽ സർക്കാർ അടിയന്തരമായി ഇടപെട്ട് കേന്ദ്രസർക്കാരിന്റെ അനീതിക്കെതിരെ ശക്തമായ സമ്മർദ്ദം ചെലുത്തിക്കൊണ്ട് വിവേചനം അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ശക്തമായി സവിനയം ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഇവിടെ ശ്രീമതി സി. കെ. ആശ ഉന്നയിച്ച പ്രശ്നം അവരുടെ നിയോജകമണ്ഡലത്തിന്റെ ഭാഗമായി മാത്രമുള്ളതല്ല, കേരളത്തെയും ഇന്ത്യയെയുമാകെ വളരെ ഗുരുതരമായി

ബാധിക്കുന്ന ഒരു കാര്യമാണ്. തൊഴിലുറപ്പ് തൊഴിലാളികളുടെ വേതന വിതരണത്തിൽ കേന്ദ്ര സർക്കാർ സ്വീകരിച്ച വിവേചനപരമായ സമീപനംമൂലം തൊഴിലുറപ്പ് മേഖലയിൽ സൃഷ്ടിക്കപ്പെട്ട അസ്വാരസ്യം ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ബഹുമാനപ്പെട്ട മെമ്പർ ഈ സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. സാധാരണക്കാരായ ജനങ്ങൾക്ക്, പ്രത്യേകിച്ച് ഗ്രാമീണ സ്ത്രീകൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുകയും അവരിൽ അവകാശബോധം ഉണർത്താനുതകുകയും ചെയ്യുന്ന വിധത്തിലാണ് നമ്മുടെ സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിവരുന്നത്. സുതാര്യമായ പദ്ധതി നടത്തിപ്പിലൂടെ സാധാരണക്കാരായ അടിസ്ഥാന ജനവിഭാഗങ്ങൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് അദ്ധ്വാനത്തിന്റെ മഹത്വം ഉയർത്തിപ്പിടിച്ചുകൊണ്ട് ജീവനോപാധി ഉറപ്പാക്കുകയും പ്രാദേശിക സാമ്പത്തിക വികസനവും ആസ്തി വികസനവും സാധ്യമാക്കുകയും ചെയ്യുന്നതിനുള്ള നടപടിയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. പദ്ധതിപ്രകാരം അവിദഗ്ദ്ധ തൊഴിലിനുള്ള വേതനവും ഒരു പ്രവൃത്തിയുടെ വേതനവും ഒരുമിച്ച് തൊഴിലാളിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്ന രീതിയാണ് അവലംബിക്കുന്നത്. എന്നാൽ

കഴിഞ്ഞ സാമ്പത്തിക വർഷം അവസാനം 02.03.2021-ലെ ഒരു ഉത്തരവനുസരിച്ച് കേന്ദ്ര സർക്കാരിന്റെ 37/16/06 നമ്പർ കത്ത് പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗം, ജനറൽ വിഭാഗം എന്നിങ്ങനെ പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ട് തിരിച്ച് അതിൽനിന്ന് വേതനം നൽകുന്നതിനും ഈ ആവശ്യത്തിലേയ്ക്ക് നിലവിലുള്ള ഒരു ബാങ്ക് അക്കൗണ്ടിന് പുറമെ സംസ്ഥാനതലത്തിൽ രണ്ട് ബാങ്ക് അക്കൗണ്ടുകൾകൂടി പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങൾക്കായി ആരംഭിക്കുന്നതിനും നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി, പട്ടികവർഗ്ഗം, ജനറൽ വിഭാഗം തൊഴിലാളികൾക്ക് പ്രത്യേകം വേതനം നൽകുന്നതിനായി ബാങ്ക് അക്കൗണ്ടുകൾ സംസ്ഥാനത്തിന് ആരംഭിക്കേണ്ടിവന്നു. ഈ അക്കൗണ്ടുകൾ മുഖേനയാണ് 2021 ഏപ്രിൽ മാസം മുതൽ തൊഴിലാളികൾക്ക് വേതനം നൽകിവരുന്നത്. അതിന്റെ ഭാഗമായി, പ്രതീക്ഷിച്ചതിൽനിന്ന് വ്യത്യസ്തമായി എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള ഫണ്ട് സംസ്ഥാനത്തിന് ലഭിക്കുന്നതിൽ പലപ്പോഴും വലിയ കാലതാമസം വരികയാണ്. കേരളത്തിൽ പട്ടികജാതി/പട്ടിവർഗ്ഗ വിഭാഗങ്ങൾക്ക് അവർ ജോലി ചെയ്തുകഴിഞ്ഞാൽ അപ്പോൾത്തന്നെ വേതനം

നൽകുക എന്ന നിലപാടാണ് സ്വീകരിക്കുന്നതെങ്കിലും ഈ മൂന്ന് അക്കൗണ്ടുകളായി രൂപാന്തരപ്പെടുകയും അതിന്റെ ഭാഗമായി, പ്രത്യേകിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് തൊഴിൽ ചെയ്യുന്നതിന്റെ കൂലി വേഗംതന്നെ നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിച്ചതാകെ അടിതെറ്റി. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, പലപ്പോഴും കാലതാമസം വന്ന് അവർക്ക് കൃത്യമായി വേതനം ലഭിക്കാത്ത അവസ്ഥയാണ് വന്ന് ചേർന്നിട്ടുള്ളത്. ഇതുമൂലം ഈ ദുർബല ജനവിഭാഗങ്ങൾക്ക് കൂലി നൽകാൻ വലിയ കാലതാമസം നേരിടുകയാണ്. ജാതി തിരിച്ചുള്ള അക്കൗണ്ട് സിസ്റ്റം തൊഴിലാളികൾക്കിടയിൽ അസ്വസ്ഥതകൾ ഉളവാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള കേന്ദ്ര സർക്കാരിന്റെ സമീപനങ്ങൾ പരിശോധിച്ചാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ദുർബലപ്പെടുത്താനുള്ള നീക്കങ്ങളാണെന്ന് സംശയിക്കേണ്ടിവരും. കേന്ദ്ര ഗവൺമെന്റിന്റെ പ്രസ്തുത നടപടിയെത്തുടർന്ന് വരാനിടയുള്ള അസ്വസ്ഥതകളും പ്രായോഗിക പ്രശ്നങ്ങളും സംസ്ഥാന ഗവൺമെന്റ് മനസ്സിലാക്കുകയുണ്ടായി. ചില വിഭാഗങ്ങൾക്കുമാത്രം വേതനം നൽകുന്നു എന്ന പരാതിയും ഉയർന്നുവന്നിരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ

വിഭാഗത്തിലുള്ള തൊഴിലാളികൾക്ക് ഇക്കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ കൂലി തടസ്സപ്പെടുന്ന സാഹചര്യം ഇവിടെയുണ്ടായി. തൊഴിലാളികൾക്കിടയിൽ വേർതിരിവിനും വിവേചനത്തിനുമിടയാക്കുന്ന ഈ പരിഷ്കാരം പിൻവലിക്കണമെന്ന സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് പലതവണ വ്യക്തമാക്കിയിട്ടുള്ളതും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. ഈ പുതിയ സമ്പ്രദായം പിൻവലിക്കണമെന്നാവശ്യപ്പെട്ട് കഴിഞ്ഞ മാസം അവസാനം ഔദ്യോഗികമായിത്തന്നെ ബഹുമാനപ്പെട്ട മന്ത്രിയെ നേരിട്ട് കണ്ട് രേഖാമൂലം ഈ പ്രശ്നം ഉന്നയിച്ചിട്ടുള്ളതാണ്. പുതിയ പരിഷ്കാരംവഴിയും ഫണ്ടിന്റെ ലഭ്യതക്കുറവുമൂലവും എല്ലാ വിഭാഗം തൊഴിലാളികൾക്കും നിലവിൽ വേതന കുടിശ്ശികയുണ്ടായിട്ടുണ്ട്. കേന്ദ്ര ഫണ്ട് ലഭിക്കാത്തതിനാൽ എസ്.സി. വിഭാഗത്തിന് 64.66 കോടി രൂപയും എസ്.ടി. വിഭാഗത്തിന് 22.19 കോടി രൂപയും മറ്റ് വിഭാഗത്തിന് 112.6 കോടി രൂപയും ചേർത്ത് ആകെ 199.45 കോടി രൂപ നിലവിൽ വേതന കുടിശ്ശികയുണ്ട്. വിഷയം ഉന്നയിച്ച ബഹുമാനപ്പെട്ട മെമ്പർ പ്രതിനിധാനം ചെയ്യുന്ന വൈക്കം മണ്ഡലത്തിൽ അവിദഗ്ദ്ധ വേതന ഇനത്തിൽ എസ്.ടി. വിഭാഗത്തിന് 1,37,716 രൂപയും എസ്.സി. വിഭാഗത്തിന് 58,02,211 രൂപയും

പൊതുവിഭാഗം തൊഴിലാളികൾക്ക് 1,80,78,005 രൂപയും കുടിശ്ശിക വന്നിട്ടുണ്ട്. കേന്ദ്ര ഫണ്ട് യഥാസമയം ലഭ്യമാക്കാത്തതിനാൽ എസ്.സി. വിഭാഗത്തിന്റേത് 01.10.2021 മുതലും എസ്.ടി. വിഭാഗത്തിന്റേത് 03.10.2021 മുതലും മറ്റ് വിഭഗങ്ങളുടേത് 20.10.2021 മുതലും കുടിശ്ശികയാണ്. ഈ തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് നിരന്തരം ബന്ധപ്പെട്ടുവരികയാണ്. ഇതോടൊപ്പം വളരെ ഗൗരവമുള്ള മറ്റൊരു പ്രശ്നംകൂടി ശ്രദ്ധയിൽപ്പെടുത്തേണ്ടതായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം കേന്ദ്ര ബഡ്ജറ്റിൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി വകകൊള്ളിച്ചിട്ടുള്ളത് 61,500 കോടി രൂപയായിരുന്നു. കോവിഡ് പാക്കേജിന്റെ ഭാഗമായി പിന്നീട് 40,000 കോടി രൂപകൂടി വകയിരുത്തി. കഴിഞ്ഞ വർഷം രാജ്യത്ത് ആകെ ചെലവഴിച്ചത് 1,11,443 കോടി രൂപയാണ്. എന്നാൽ നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര ബഡ്ജറ്റിൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത് 73,000 കോടി രൂപ മാത്രമാണ്. കഴിഞ്ഞ വർഷത്തെ തൊഴിലുറപ്പ് ബഡ്ജറ്റ് വിഹിതവുമായി താരതമ്യം ചെയ്യുമ്പോൾ 28,500 കോടി രൂപയുടെയും കഴിഞ്ഞ വർഷം ചെലവഴിച്ച തുകയെ അപേക്ഷിച്ച് നോക്കുമ്പോൾ 38,443

രൂപയുടെയും കുറവാണ് ഇതിലൂടെ സംഭവിച്ചിരിക്കുന്നത്. ഇതിൽ 70,410 കോടി രൂപ നാളിതുവരെ ചെലവഴിച്ചുകഴിഞ്ഞു. അതായത് ബഡ്ജറ്റ് വിഹിതത്തിന്റെ 96.45 ശതമാനം തുകയും ഇതിനകം ചെലവായി. സാമ്പത്തിക വർഷം അവസാനിക്കാൻ ഇനിയും മാസങ്ങൾ ബാക്കിയിരിക്കെ പദ്ധതി നിർവ്വഹണത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിക്ക് ഇത് വഴിവയ്ക്കുകയാണ്. പദ്ധതിയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ വേതനം, ജീവനോപാധി, ആസ്തികളടക്കം വ്യക്തിഗത ആസ്തികൾ നിർമ്മിച്ച ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട തുക എന്നിവ വൈകുന്നത് ഈ കോവിഡ് സാഹചര്യത്തിൽ ഗുരുതരമായ സാമ്പത്തിക, സാമൂഹ്യ പ്രശ്നങ്ങൾക്ക് കാരണമാകും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ കാര്യങ്ങളെല്ലാം നേരിട്ടും രേഖാമൂലവും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. കേരളത്തിന്റെ മാത്രമല്ല, ഇന്ത്യയിൽത്തന്നെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവഴിക്കേണ്ട സംഖ്യയിൽ 96.7 ശതമാനം തുക ചെലവഴിച്ചുകഴിഞ്ഞു. ബാക്കിയുള്ള മാസങ്ങളിൽ ചെലവഴിക്കുന്നതിന് പണമില്ലാത്ത സാഹചര്യമാണുണ്ടാകുന്നത്. ഇത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുക

എന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തെയും സഭയെയും അറിയിക്കുകയാണ്.

(3) ബി.ഇ.എം.എൽ.-ന്റെ സ്വകാര്യവത്കരണം

ശ്രീ. എ. പ്രഭാകരൻ: സർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ BEML (Bharat Earth Movers Limited)-ന്റെ സ്വക്യാരവത്കരണത്തിനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെടുന്നതാണ് എന്റെ സബ്മിഷൻ.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ...... (മൈക്ക് ഓഫ്).....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. ബി. ഗണേഷ് കുമാർ, നേരത്തേ തന്നെ പല പ്രാവശ്യം നിയമസഭയിൽ ഈ വിഷയം സൂചിപ്പിച്ചിട്ടുള്ളതാണ്. അംഗങ്ങൾ ലഘുവായി ചോദ്യം ചോദിക്കുകയും ദീർഘമായ ഉത്തരമാണെങ്കിൽ മന്ത്രിമാർ അത് മേശപ്പുറത്ത് വയ്ക്കുകയും ചെയ്യണമെന്നുള്ള കാര്യം പറഞ്ഞിട്ടുള്ളതാണ്. അത് അവരവർ പാലിക്കേണ്ടതാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിൽ 1964-ൽ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തനമാരംഭിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ് ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് (ബി.ഇ.എം.എൽ.). 2010-ൽ സഖാവ് വി. എസ്. അച്യുതാനന്ദൻ

കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കലത്താണ് മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് BEML-ന്റെ നാലാമത്തെ നിർമ്മാണ യൂണിറ്റ് പ്രവർത്തനമാരംഭിച്ചത്. സംസ്ഥാന സർക്കാർ പാട്ടത്തിന് നൽകിയ 375 ഏക്കർ സ്ഥലത്താണ് BEML ഇപ്പോൾ പ്രവർത്തിക്കുന്നത്. രാജ്യ സുരക്ഷാ വാഹനങ്ങൾ, റെയിൽവേ കോച്ചുകൾ, മെട്രോ കോച്ചുകൾ, മൈനിംഗ് ആൻഡ് കൺസ്ട്രക്ഷൻ വാഹനങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്ന ഒരു മിനി രത്ന കമ്പനിയാണ് BEML. പാലക്കാടിനുപുറമെ ബാംഗ്ലൂർ, മൈസൂർ, കോലാർ എന്നിവിടങ്ങളിലൊക്കെ അവർക്ക് യൂണിറ്റുകളുണ്ട്. കഞ്ചിക്കോട് യൂണിറ്റിൽ ഇപ്പോൾ അഞ്ഞൂറോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. സ്വകാര്യ മുതലാളിമാർക്ക് വിറ്റഴിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിനെതിരെ കഞ്ചിക്കോട് യൂണിറ്റിൽ ഇന്നേയ്ക്ക് മുന്നൂറ്റിരണ്ടാമത്തെ ദിവസമായി തൊഴിലാളികൾ കമ്പനിപ്പടിക്കൽ സമരം നടത്തിവരികയാണ്. ഇന്ത്യൻ റെയിൽവേയ്ക്കുവേണ്ടി കോച്ചുകൾ നിർമ്മിച്ച് കൊടുക്കുന്നതിനുപുറമെ മെട്രോ കോച്ചുകൾ നിർമ്മിക്കുന്ന ഏക ഇന്ത്യൻ പൊതുമേഖലാ കമ്പനിയാണ് BEML. കേരളത്തിന്റെ സ്വപ്ന പദ്ധതിയായ കെ റെയിൽ, കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടം, മോണോ റെയിൽ എന്നിവയ്ക്കാവശ്യമായ

കോച്ചുകൾ നിർമ്മിക്കാനുള്ള സാങ്കേതികവിദ്യയും സൗകര്യവുമുള്ള കഞ്ചിക്കോട് BEML യൂണിറ്റിനെ പൊതുമേഖലയിൽ നിലനിർത്തേണ്ടത് കേരളത്തിന്റെകൂടി ആവശ്യമാണ്. വിദേശ മെട്രോ കോച്ച് നിർമ്മാണ കമ്പനികളോട് ആഗോള ടെണ്ടറിൽ മത്സരിച്ച് ഏകദേശം പതിനായിരത്തിലധികം കോടിയുടെ ഓർഡറുകൾകൂടി ഈ കമ്പനിക്ക് ലഭിച്ചിട്ടുണ്ട്. ഇവ നിർമ്മിക്കാനുള്ള സാങ്കേതികവിദ്യയും സൗകര്യവുമുള്ള കഞ്ചിക്കോട് BEML യൂണിറ്റിൽ ഇത് നിർമ്മിക്കുന്നതിലൂടെ ആയിരക്കണക്കിന് പുതിയ തൊഴിലവസരങ്ങളും ഉണ്ടാകുമെന്ന് മാത്രമല്ല, ജി.എസ്.ടി. ഇനത്തിൽ സംസ്ഥാനത്തിന് അധിക വരുമാനവും ലഭിക്കും. ദേശീയ മാധ്യമങ്ങളിൽ വന്ന വാർത്തപ്രകാരം നാല് ഇന്ത്യൻ കമ്പനികളും രണ്ട് വിദേശ കമ്പനികളും BEML വാങ്ങാൻ താൽപര്യപത്രം നൽകുകയും കേന്ദ്ര സർക്കാർ അവരെ അന്തിമ പട്ടികയിൽ ഉൾപ്പെടുത്തിയതായും മനസ്സിലാക്കുന്നു. ഇവർക്കാർക്കും BEML-ന്റെ ഉൽപന്നങ്ങൾ നിർമ്മിക്കാനുള്ള സാങ്കേതികവിദ്യയോ മുൻപരിചയമോ ഇല്ലാത്തതിനാൽ സ്ഥാപനങ്ങളോടല്ല, അതിനോടനുബന്ധിച്ചുള്ള വിശാലമായ സ്ഥലത്തിലും റിയൽ എസ്റ്റേറ്റ് കച്ചവടത്തിലുമാണ് അവർക്ക് കണ്ണ് എന്ന് ബലമായും

സംശയിക്കുന്നു. രാജ്യസുരക്ഷ മാനിച്ച് കേന്ദ്ര സർക്കാർ BEML സ്വകാര്യവത്കരിക്കരുത് എന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ 2021 ജനുവരി 5-ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തെഴുതിയിരുന്നു. ഇന്ത്യൻ പട്ടാളക്കാരുടെയും ഇന്ത്യൻ ജനതയുടെയും സുരക്ഷ മാനിച്ച് രാജ്യരക്ഷാ സ്ഥാപനമായ BEML-നെ, പ്രത്യേകിച്ച് കഞ്ചിക്കോട് യൂണിറ്റിനെ സംരക്ഷിക്കണം. ഞാനിത് പറയാൻ കാരണം, ഇതര സംസ്ഥാനങ്ങളുമായി തട്ടിച്ച് നോക്കിയാൽ കേരളത്തിൽ കേന്ദ്ര നിക്ഷേപം കുറവാണ്. കേരള സംസ്ഥാനത്തോട് അവഗണനായാണ് കാണിച്ചിട്ടുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....

ശ്രീ. എ. പ്രഭാകരൻ: സർ, ഒറ്റ വാചകംകൂടി. ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരിക്കുന്ന കാലം മുതൽ കേൾക്കാൻ തുടങ്ങിയതാണ് പാലക്കാട് കോച്ച് ഫാക്ടറി. തെരഞ്ഞെടുപ്പ് വരുമ്പോഴൊക്കെ ജനങ്ങളെ പറ്റിക്കുന്ന സമീപനമായിരുന്നു. ഈ സ്ഥാപനമെങ്കിലും പൊതുമേഖലയിൽ നിലനിർത്താനുള്ള പ്രവർത്തനം നടത്തണം എന്ന് ഞാൻ ബഹുമാനപ്പെട്ട സർക്കാരിനോട് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹു. അംഗം ഉന്നയിച്ച ഗൗരവകരമായ പ്രശ്നമാണ്. എന്നാൽ പൊതുമേഖല സ്ഥാപനങ്ങൾ പൂർണ്ണമായും കൈയൊഴിയുക എന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. അതിൽനിന്നും വ്യത്യസ്തമാണ് സംസ്ഥാന സർക്കാരിന്റെ സമീപനം. ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് (ബി.ഇ.എം.എൽ.) കേന്ദ്ര സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ളതാണ്. 2010 മെയ് മാസം മുതൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനത്തിന്റെ റോളിംഗ് സ്റ്റോക്ക് മാനുഫാക്ച്ചറിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി ആയിരം ഏക്കർ ഭൂമി അനുവദിക്കണമെന്ന് കേന്ദ്രസർക്കാർ അഭ്യർത്ഥിച്ചതിനനുസരിച്ച് 374.59 ഏക്കർ ഭൂമി കുറഞ്ഞ നിരക്കിലുള്ള പാട്ട വ്യവസ്ഥയിൽ കിൻഫ്ര മുഖാന്തിരം നൽകിയിരുന്നു. നിരവധി തൊഴിലാളികൾ ജോലി ചെയ്തുവരുന്ന ടി സ്ഥാപനത്തിൽ ഇന്ത്യൻ റെയിൽവെയ്ക്കും പ്രതിരോധസേനകൾക്കും ആവശ്യമായ യന്ത്രസാമഗ്രികളാണ് നിർമ്മിച്ചുവരുന്നത്. ആഗോള ടെണ്ടറുകൾവഴി ധാരാളം ഓർഡർ ലഭിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് BEML. ആഗോള ടെണ്ടറുകളിലൂടെ പതിനായിരം കോടി രൂപയുടെ ഓർഡറുകൾ നേടിയിട്ടുണ്ട്.

സൈനിക വാഹനങ്ങൾ, റെയിൽ മെട്രോ കോച്ചുകൾ എന്നിവയുടെ നിർമ്മാണത്തിലും കമ്പനി ഏർപ്പെട്ടിരിക്കുന്നു. പാലക്കാട് യൂണിറ്റിന് ആയിരത്തി അഞ്ഞൂറുകോടി രൂപയുടെ ഓർഡറുകൾ ലഭിച്ചിട്ടുണ്ട്. ഇതു കമ്പനിയുടെ മൊത്തം ഓർഡറുകളുടെ പതിനഞ്ചു ശതമാനമാണ്. പ്രവർത്തനത്തിനാവശ്യമായ ഹെലിപാട് ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും അവിടെ വികസിപ്പിച്ചിട്ടുണ്ട്. മുന്നൂറോളം ജീവനക്കാർ ജോലിചെയ്യുന്നു. BEML എന്നത് മിനിനവരത്ന വിഭാഗത്തിൽപ്പെട്ട കമ്പനിയാണ്. പാലക്കാട് യൂണിറ്റിൽ നിലവിൽ ലാഭത്തിലാണ് പ്രവർത്തിക്കുന്നുയെന്നാണ് മനസ്സിലാക്കുന്നത്. കേന്ദ്രപ്രതിരോധ മന്ത്രാലയം 2019 ജൂലായ് 4-ലെ കത്ത് മുഖാന്തിരം ബിമലിന് അനുവദിച്ച 374.59 ഏക്കർ ഭൂമിയിൽ 226.21 ഏക്കർ ഭൂമി സംസ്ഥാന സർക്കാരിന് തിരികെനൽകുന്നതിന് തയാറാണെന്നും ഇതിന്റെ വ്യവസ്ഥകൾ അറിയിക്കണമെന്നും സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിനെ തുടർന്ന് കേന്ദ്രസർക്കാരിനു കീഴിലുള്ള ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻവെസ്റ്റ്മെന്റ് ആന്റ് പബ്ലിക് അസെസ് മാനേജ്മെന്റ് സെക്രട്ടറിയും ബി.ഇ.എം.എൽ. ഉദ്യോഗസ്ഥരും സംസ്ഥാന സർക്കാർ പ്രതിനിധികളും വിവിധ ഘട്ടങ്ങളിൽ

ചർച്ച നടത്തുകയുണ്ടായി. 2021 ഏപ്രിൽ 20-ന് ഈ വിഷയവുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിതല കമ്മിറ്റി കേന്ദ്ര സർക്കാരുമായി ചർച്ച നടത്തുകയും ഇതേത്തുടർന്ന് BEML തിരികെ നൽകുന്ന 226.21 ഏക്കർ ഭൂമിയുടെ വില സംബന്ധിച്ച് തീരുമാനം ആയതിനെത്തുടർന്ന് 13-10-2021ലെ ഉത്തരവുപ്രകാരം കിൻഫ്രയ്ക്ക് തിരികെ നൽകുന്ന ഈ ഭൂമിയുടെ വിലയായി 27.59 കോടി രൂപ നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതിനായി ബന്ധപ്പെട്ട ഭൂമി തിരികെ ഏറ്റെടുക്കുന്ന നടപടി കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. ബി.ഇ.എം.എൽ.-ന്റെ ഓഹരികൾ വിറ്റഴിക്കരുതെന്ന് പാർലമെന്റ് അംഗങ്ങളും ട്രേഡ് യൂണിയൻ സംഘടനകളും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ഇക്കാര്യത്തിൽ ഉത്കണ്ഠ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പൊതുവികാരം മുൻനിർത്തിയും ദേശീയ സുരക്ഷ കണക്കിലെടുത്തും കമ്പനിയെ പൊതുമേഖലാ യൂണിറ്റായി നിലനിർത്തേണ്ടതുണ്ട്. ഈ പൊതുമേഖലാ സ്ഥാപനം സ്വകാര്യവത്കരിക്കരുതെന്നാവശ്യപ്പെട്ട് 05-01-2021-ൽ ബഹു. മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയിച്ചിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ മറുപടി ഇതുവരെ ലഭ്യമായിട്ടില്ല.

(4) ചീമേനി വ്യവസായ പാർക്ക്

ശ്രീ. എം. രാജഗോപാലൻ: സർ, എന്റെ മണ്ഡലത്തിൽപ്പെട്ട ചീമേനി വ്യവസായ പാർക്ക് യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സബ്മിഷൻ അവതരിപ്പിക്കുന്നു. കാസർഗോഡ് ജില്ലയിൽ കയ്യൂർ ചീമേനി പഞ്ചായത്തിലെ ചീമേനി വില്ലേജിൽ സർക്കാർ അധീനതയിൽ ഉണ്ടായിരുന്ന നൂറ് ഏക്കർ ഭൂമിയിൽ 2006, 2011-ലെ എൽ.ഡി.എഫ്. സർക്കാർ ഈ നവീന ശാസ്ത്രയുഗത്തിൽ അഭ്യസ്തവിദ്യരായവർക്ക് തൊഴിൽ നൽകുക എന്ന ലക്ഷ്യത്തെ മുൻനിർത്തി എല്ലാ ജില്ലകളിലും ഐ.ടി. പാർക്ക് എന്ന കാഴ്ചപ്പാടോടുകൂടി ഐ.ടി. പാർക്ക് പ്രഖ്യാപിക്കുകയും ശിലാസ്ഥാപനം നടത്തുകയുമുണ്ടായി. ഇതിനായി അനുവദിക്കപ്പെട്ട നൂറ് ഏക്കർ സ്ഥലത്ത് ചീമേനി ടൗണിനോടനുബന്ധിച്ച് ഐ.ടി. വകുപ്പിന്റെ നേതൃത്വത്തിൽ ചുറ്റുമതിലും മതിയായ കെട്ടിടത്തിനുള്ള അസ്ഥിവാരവുമൊക്കെ നിർമ്മിച്ചുവെങ്കിലും തുടർന്നുവന്ന യു.ഡി.എഫ്. സർക്കാർ ടി പദ്ധതി തീർത്തും ഉപേക്ഷിക്കുകയായിരുന്നു. 2016-2021-ലെ ഒന്നാം പിണറായി സർക്കാരിന്റെ കാലയളവിൽ വീണ്ടും ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തുകയും ഐ.ടി. പാർക്കിന് പകരം അവിടെ

വ്യവസായ പാർക്ക് പ്രഖ്യാപിക്കുകയുമുണ്ടായി. സർക്കാരിന്റെ ടി പ്രഖ്യാപനം വ്യവസായരഹിത ജില്ലയായിട്ടുള്ള കാസർഗോഡിന് ഏറെ പ്രതീക്ഷ നൽകുന്നതായിരുന്നു. വ്യവസായ പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒന്നാം പിണറായി സർക്കാർ ഇരുപതു കോടിരൂപ വകയിരുത്തുകയും ചെയ്തിരുന്നു. കാസർഗോഡ് ജില്ലാ കളക്ടറും വ്യവസായ കേന്ദ്ര മാനേജരും ഉൾപ്പെടെയുള്ളവർ എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ വ്യവസായ പ്രോജക്ട് തയാറാക്കുകയുണ്ടായി. കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും കാസർഗോഡ് വികസന പാക്കേജിന്റെയും സാമ്പത്തിക സഹായത്തോടെ ജില്ലയിൽ സുലഭമായ കശുവണ്ടി സംസ്ഥാനത്തുതന്നെ സർക്കാർ ഉടമസ്ഥതയിൽ ഏറ്റവും കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന പ്ലാന്റേഷനുകൾ കാസർഗോഡ് ജില്ലയിലാണ്. അതുപോലെതന്നെ അടയ്ക്ക ഇന്ത്യയിൽതന്നെ ഏറ്റവും ക്വാളിറ്റിയുള്ള അടയ്ക്ക ഉൽപ്പാദിപ്പിക്കുന്ന ജില്ലകളിൽ ഒന്നാണ് കാസർഗോഡ്. ഏഷ്യയിൽതന്നെ കല്ലുമ്മക്കായ ഏറ്റവും അധികം ഉൽപ്പാദിപ്പിക്കുന്ന ജില്ലയാണ് കാസർഗോഡ്. ടി ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് വൈവിധ്യവൽക്കരണത്തിലൂടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായം ആരംഭിക്കാനുള്ള പദ്ധതി

തീരുമാനിക്കുകയും ടി പ്രോജക്ട് സർക്കാർ ഇതിനകംതന്നെ സമർപ്പിച്ചതുമാണ്. എന്നാൽ ചീമേനിയിൽ സൗജന്യമായി ലഭിച്ച നൂറേക്കർ ഭൂമി ഐ.ടി. വിഭാഗം ഷെയർ ആക്കി മാറ്റുകയും കമ്പനി ചെലവാക്കിയ തുക ഉൾപ്പെടെ അനുവദിച്ചു കിട്ടിയാൽ മാത്രമെ ടി വ്യവസായ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുകയുള്ളൂ എന്നാണ് ഇപ്പോൾ മനസ്സിലാക്കുവാൻ കഴിയുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്തുതന്നെ അന്നത്തെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. സി. മൊയ്തീൻ അവർകളുടെ സാന്നിധ്യത്തിൽ വ്യവസായ വകുപ്പിന്റെയും ഐ.ടി. വകുപ്പിന്റെയും ഉന്നത ഉദ്യോഗസ്ഥന്മാരുടെ യോഗം ചേരുകയും പ്രശ്നപരിഹാരത്തിനായി കുറെയധികം നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. പിന്നീട് ബന്ധപ്പെട്ട വകുപ്പുകളുടെ ഭാഗത്തുനിന്ന് വേണ്ടത്ര താൽപര്യം കണ്ടില്ല. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നപ്പോൾ ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ഈ അടുത്ത ദിവസം യോഗം വിളിച്ചുചേർക്കുകയുണ്ടായി. ഏറെ സ്വാഗതാർഹമായിട്ടുള്ള തീരുമാനമായിരുന്നു. നിരവധി നിവേദനങ്ങൾ ഇതുസംബന്ധിച്ച്

ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സർക്കാരിന്റെയും മുമ്പിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ബഡ്ജറ്റിൽ തന്നെ ഒരു ഘട്ടത്തിൽ തുക നീക്കിവച്ചു. പ്രഖ്യാപിച്ച ചീമേനി വ്യവസായപാർക്ക് യാഥാർത്ഥ്യമാക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിയും അതുവഴി സർക്കാരും അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ടി സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): ബഹു. അംഗം പല നിവേദനങ്ങളിലൂടെ ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ യോഗം ചേരുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജിയിൽ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ഇൻഫർമേഷൻ ടെക്നോളജി പാർക്കിനായി മാറ്റിവച്ചിരുന്ന സ്ഥലം 11.07.2018-ൽ അന്നത്തെ വ്യവസായവകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായപാർക്കിനായി കിൻഫ്രയ്ക്ക് നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 12.12.2018-ൽ ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റി സ്ഥലം സന്ദർശിച്ചിരുന്നു. തുടർന്ന് 05.12.2019-ൽ

തൃക്കരിപ്പൂർ എം.എൽ.എ. കാസർഗോഡ് ജില്ലാകളക്ടർ എന്നിവരുടെ നേതൃത്വത്തിൽ യോഗം ചേരുകയും അവിടെയൊരു അഗ്രോ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ ആരായുകയും ചെയ്തിരുന്നു. ഭൂമി സംസ്ഥാന ഐ.ടി. വകുപ്പിന്റെ കൈവശം ആയതിനാൽ അത് ജില്ലാ വ്യവസായകേന്ദ്രത്തിന് കൈമാറുന്നതിനുള്ള വിവിധമോഡലുകളെ സംബന്ധിച്ച ചർച്ച അന്ന് നടത്തുകയുണ്ടായി. 26.12.2019-ൽ ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന യോഗതീരുമാനത്തിന്റെയടിസ്ഥാനത്തിൽ ടി പദ്ധതി നടപ്പിലാക്കുന്നതിനായി 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എ.എൽ.എ. ഫണ്ടിൽനിന്നുള്ള തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതിയ്ക്കായി നടപടികൾ കൈക്കൊള്ളാൻ തീരുമാനിച്ചു. എന്നാൽ ഐ.ടി. പാർക്കിനായി നീക്കിവച്ചിരുന്ന സ്ഥലം ഐ.ടി. വകുപ്പിൽനിന്നും ഇതുവരെ വ്യവസായ വകുപ്പിന് കൈമാറി കിട്ടിയിട്ടില്ല. ഈ സ്ഥലം ഏറ്റെടുത്ത് വ്യവസായപാർക്ക് സ്ഥാപിക്കുന്നതുസംബന്ധിച്ച വിഷയം ബഹു. എം.എൽ.എ. ആവശ്യപ്പെട്ടതനുസരിച്ച് 07.10.2021-ന് വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ചർച്ച ചെയ്തിരുന്നു. പ്രസ്തുത ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ചുള്ള ഭൂമിയുടെ

അനുയോജ്യത, സംരംഭകരുടെ ലഭ്യത, ഭൂമിയുടെ സെസ് പദവി മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഇവ സംബന്ധിച്ച് പഠനം നടത്തി ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ കിൻഫ്ര മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ വേഗത്തിൽ സ്വീകരിക്കുന്നതാണ്.

(5) റോഡ് ഗതാഗതയോഗ്യമാക്കൽ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, മട്ടന്നൂർ നിയോജക മണ്ഡലത്തിൽ 2018 ജനവരിയിൽ കിഫ്ബിയുടെ ഫിനാൻഷ്യൽ സാങ്ഷൻ ലഭിക്കുകയും 2018 ജൂലായിൽ വർക്ക് ഓർഡർ കൊടുത്ത് കോൺട്രാക്ടറുമായിട്ട് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുള്ള ഒരു പ്രവൃത്തിയുമാണ് മട്ടന്നൂർ-ഇരിക്കൂർ റോഡ്. അതിന്റെ നിർമ്മാണം ഇപ്പോൾ നിലച്ചിരിക്കുകയാണ്. അവിടെ റോഡിന്റെ സൈഡിൽ വലിയ പുഴയോരത്ത് മണ്ണിടിച്ചിൽ ഉണ്ടായതിന്റെ ഭാഗമായി വലിയ ബുദ്ധിമുട്ടിലായിരിക്കുകയാണ്. ഗതാഗതം തടസ്സപ്പെട്ടിരിക്കുകയാണ്. ബഹു. മന്ത്രി തന്നെ പ്രദേശം സന്ദർശിക്കുകയും അടിയന്തിരമായിട്ട് ഈ നിർമ്മാണ പ്രവൃത്തി

പൂർത്തിയാക്കി ജനങ്ങളുടെ യാത്രാ ദുരിതം പരിഹരിക്കും എന്ന് പറയുകയും ചെയ്തിട്ടുള്ളതിൽ വളരെ നന്ദിയുണ്ട്. ഇതടിയന്തിരമായി പൂർത്തിയാക്കണം. ഇതിൽ കിഫ്ബിയുടെ ചില പ്രവൃത്തികൾ ഭൂമി അക്വിസിഷന് തുക അനുവദിച്ചു കൊണ്ടുള്ളതാണ്. എന്നാൽ തുടക്കത്തിലുള്ള ചില പ്രവൃത്തികൾക്ക് ഫ്രീ ഓഫ് കോസ്റ്റ് സറണ്ടറാണ് നിർദ്ദേശിച്ചിരിക്കുന്നത്. മറ്റു ചില പ്രവൃത്തികൾക്ക് അക്വിസിഷന് പണം കിട്ടുമ്പോൾ നാട്ടുകാർ സ്വമേധയായി ഫ്രീയായി ഭൂമി കൊടുക്കാൻ വിസമതിക്കുകയാണ്. പക്ഷേ ഈ പൊളിച്ചു മാറ്റുന്ന മതിൽ കെട്ടികൊടുക്കാനുള്ള സൗകര്യം ഉണ്ടാക്കിയാൽ ഭൂമി ലഭ്യമാക്കുകയും പ്രവൃത്തി തുടരുകയും ചെയ്യാൻ സാധിക്കും. കിഫ്ബിയുമായി നടത്തിയ ചർച്ചയിൽ മതിൽകെട്ടി കൊടുക്കാൻ കഴിയും എന്നൊരു സൂചനയും ഉണ്ടായിട്ടുണ്ട്. അതുപോലെ പുഴ ഇടിഞ്ഞ ഭാഗം കുറച്ചു ശക്തമായിട്ടുള്ള കാംപെയ്ൻ കൺസ്ട്രക്ഷൻ നടത്തേണ്ടതായിട്ട് വരുമെന്നാണ് കാണുന്നത്. ബഹു. മന്ത്രി ടി വിഷയത്തിൽ ഇടപ്പെട്ടിട്ടുണ്ട്. എന്നാലും വളരെ പെട്ടെന്ന് തന്നെ ടി പ്രശ്നം പരിഹരിച്ച് റോഡിന്റെ മെറ്റലിങ്ങും ടാറിങ്ങും അതുപോലെതന്നെ ടി പുഴ സൈഡ് ഇടിഞ്ഞതു സംരക്ഷിച്ചുകൊണ്ട് പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് പറയാനുള്ളത്.

പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കണ്ണൂർ ജില്ലയിലെ മട്ടന്നൂർ-ഇരിക്കൂർ റോഡിലെ മണ്ണൂർ റോഡിന്റെ പുഴഭാഗം ഇടിഞ്ഞ് അപകടാവസ്ഥ നിലനിൽക്കുന്ന സാഹചര്യമാണ് ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ ഇവിടെ സബ്മിഷനിലൂടെ ഉന്നയിച്ചത്. നേരത്തെതന്നെ ടീച്ചർ ഇത് ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് മണ്ണൂരിൽപ്പോയി സ്ഥലം നേരിട്ട് കണ്ടിരുന്നു. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 24.07 കോടി രൂപ ചെലവഴിച്ചാണ് മട്ടന്നൂർ-ഇരിക്കൂർ റോഡ് നവീകരിക്കുന്നത്. ഞാൻ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പക്ഷെ 2019-ലെ വെള്ളപ്പൊക്കത്തിൽ മണ്ണൂരിൽ റോഡിന്റെ പുഴഭാഗം ഇടിയുകയായിരുന്നു. ഇടിഞ്ഞ ഭാഗത്ത് ഗാബിയോൺ ഉപയോഗിച്ച് സംരക്ഷണഭിത്തി കൂടി നിർമ്മിക്കുന്ന തരത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കിഫ്ബിക്ക് കൈമാറിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ റോഡിന്റെ തകർന്ന മേഖല പ്രത്യേക പാക്കേജാക്കി മാറ്റാനാണ് തീരുമാനിച്ചത്. ഇത് ഐ.ഐ.റ്റി. റിപ്പോർട്ട് കൂടി പരിഗണിച്ചാകണമെന്നും കിഫ്ബി നിർദ്ദേശിച്ചിരുന്നു. ഡീറ്റൈൽഡ് ഡിസൈൻ തയ്യാറാക്കുവാൻ പാലക്കാട് ഐ.ഐ.റ്റി.യെ

ഏൽപ്പിച്ചിരിക്കുകയാണ്. അത് ലഭിച്ചയുടൻതന്നെ സംരക്ഷണഭിത്തി നിർമ്മിച്ച് റോഡ് സംരക്ഷിക്കുവാനുള്ള പ്രവൃത്തി നടത്തുവാനാണ് പൊതുവെ ധാരാണയായിട്ടുള്ളത്. കിഫ്ബിയുമായി നടത്തിയ യോഗത്തിൽ ഈ റോഡിന്റെ കാര്യം ചർച്ച ചെയ്തിരുന്നു. ഇപ്പോൾ മാസത്തിലൊരിക്കൽ കിഫ്ബിയുമായി യോഗം നടക്കുന്നുണ്ട്. ഈ പ്രവൃത്തി നടത്തുംവരെ ശോചനീയമായ റോഡിലൂടെ വാഹനഗതാഗതം ദുഷ്കരമാകുന്ന സാഹചര്യവും പ്രസ്തുത യോഗത്തിൽ ചൂണ്ടിക്കാട്ടിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ പുഴ ഇടിഞ്ഞ ഭാഗത്ത് നിലവിലുള്ള കരാറുകാരനെക്കൊണ്ട് നിലവിലുള്ള വീതിയിൽ എം.എസ്.എസ്. ടാറിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ എത്രയും വേഗം ഇടപെട്ട് മറ്റ് കാര്യങ്ങൾ ചെയ്യുന്നതാണ്.

(6) <u>പാലം പുനർനിർമ്മാണം</u>

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ദിനംപ്രതി ആയിരക്കണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന ഒരു പാലമാണ് എടവണ്ണക്കടവ് സീതിഹാജി പാലം. 2019-ലെ പ്രളയത്തിൽ സീതിഹാജി പാലത്തിന്റെ ഒരു സ്ലാബ് തെന്നിമാറി അപകടാവസ്ഥയിലായതിനെത്തുടർന്ന് സർക്കാർ 14-01-2021-ലെ ഉത്തരവ് പ്രകാരം രണ്ടര കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി

നൽകി. അടിയന്തര പ്രവൃത്തികൾക്കായി 70 ലക്ഷം രൂപയ്ക്ക് സാങ്കേതിക അനുമതി നൽകി എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ചുവെങ്കിലും ആ സമയത്ത് തെന്നിമാറി അപകടാവസ്ഥയിലായ സ്ലാബ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടത്തിയ പരിശോധനയിൽ രണ്ടാമത്തെ പിയറിന് കാര്യമായ തകരാർ സംഭവിച്ചതായും പിയർ ക്യാപ്പ് തിരിഞ്ഞുനിൽക്കുന്നതായും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആ പ്രവൃത്തി നിർത്തിവയ്ക്കുകയാണുണ്ടായത്. പിന്നീടും അതിൽ കാര്യമായ അപകടം സംഭവിച്ചിട്ടുണ്ടെന്നും പാലം അത്യന്തം അപകടാവസ്ഥയിലാണെന്നും വിള്ളലുകളുള്ള ധാരാളം കോൺക്രീറ്റ് പാളികളുണ്ടെന്നും കണ്ടെത്താൻ സാധിച്ചു. പിന്നീട് ഈ പിയർ-ടു-പിയർ-ന്റെ തുടർ ചലനം നിയന്ത്രിക്കുന്നതിന് ഉരുക്ക് വടം ഉപയോഗിച്ച് പി1-ന്റെ അടിഭാഗത്തേയ്ക്ക് ഇപ്പോൾ കെട്ടിയുറപ്പിച്ചിരിക്കുകയാണ്. നിലവിൽ പാലം വളരെ അപകടകരമായ സ്ഥിതിയിലാണുള്ളത്. അതുകൊണ്ട് ഇത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം, എടവണ്ണയിൽനിന്നും അരീക്കോട് മുക്കം ഭാഗത്തേയ്ക്ക് പോകുന്ന ഒരു

പ്രധാനപ്പെട്ട പാലമാണിത്. ഇരുപത്തിയഞ്ച് കൊല്ലം മുൻപാണ് അതിന്റെ നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ചത്. ഇപ്പോൾ അപകടാവസ്ഥയിലായ ആ പാലത്തിന്റെ പ്രവൃത്തി ഉടൻ ആരംഭിക്കണം. അല്ലെങ്കിൽ അവിടെ ഗതാഗതം മുടങ്ങും. ഇതാണ് എനിക്ക് സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മലപ്പുറം ജില്ലയിലെ ഏറനാട് നിയോജകമണ്ഡലത്തിലെ എടവണ്ണക്കടവ് സീതിഹാജി പാലത്തിന്റെ പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം പി. കെ. ബഷീർ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. രണ്ടര കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്ന ഇതിൽ അടിയന്തര പ്രവൃത്തികൾക്കായി 70 ലക്ഷം രൂപയുടെ സാങ്കേതിക അനുമതി നൽകി പ്രവൃത്തി ആരംഭിക്കുകയും ചെയ്തതാണ്. ഞാൻ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. തെന്നിമാറിയ സ്ലാബ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടത്തിയ പരിശോധനയിൽ പാലത്തിന്റെ പി2 പിയറിന്റെ മുകൾഭാഗം തിരിഞ്ഞിരിക്കുന്നതായും പിയറിന് ചെറിയ ചെരിവുള്ളതായും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കേടുപാട് സംഭവിച്ച പിയറിന്റെ തുടർചലനങ്ങൾ ഒരു പരിധിവരെ നിയന്ത്രിക്കുന്നതിനായി

ഉരുക്കുവടം ഉപയോഗിച്ച് മറ്റൊരു പിയറിന്റെ അടിഭാഗത്തേയ്ക്ക് കെട്ടിയിട്ട് ഉറപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സ്ഥലം സന്ദർശിച്ചിരുന്നു. ബഹുമാനപ്പെട്ട അംഗം ഇത് മുൻപും ശ്രദ്ധയിൽപ്പെടുത്തിയതായിരുന്നു. പാലത്തിന്റെ total station survey ഉം under water survey ഉം പൂർത്തിയാക്കി റിപ്പോർട്ടുകൾ ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. മറ്റ് കാര്യങ്ങൾ വേഗത്തിൽ ചെയ്തുപോകേണ്ടതുണ്ട്. ഡിസൈൻ വിഭാഗം ആവശ്യപ്പെട്ടതനുസരിച്ച് KHRI (Kerala Highway Research Institute) സംഘം പരിശോധന നടത്തുകയും കൂടുതൽ സാങ്കേതിക പഠനത്തിനായി ന്യൂഡൽഹി ആസ്ഥാനമായ CRRI (Central Road Research Institute)-നെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ പഠനത്തിന് ബ്രിഡ്ജ് ഇൻസ്പെക്ഷൻ വെഹിക്കിൾ വാടകയ്ക്കെടുക്കേണ്ടതുണ്ട്. ഇതിന്റെ നടപടികൾ പൂർത്തിയാക്കി വരികയാണ്. ഡിസംബർ മാസത്തോടെ വാഹനം എത്തിച്ച് ഒരു മാസത്തിനകം പഠനം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് കുറച്ചുകൂടി നേരത്തെയാക്കാൻ സാധിക്കുമോയെന്ന് അവരോട് ചോദിച്ചിട്ടുണ്ട്. പക്ഷെ ഡിസംബർ മാസം എത്തിക്കുന്നതിനുള്ള

സാഹചര്യമാണ് നിലവിലുള്ളത്. ഇത് പൂർത്തിയായാലുടൻതന്നെ വിശദമായ രൂപരേഖ തയ്യാറാക്കി അടിയന്തര പ്രവൃത്തികൾ നിലവിലുള്ള ഭരണാനുമതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുകയാണ് അടുത്ത നടപടിക്രമം. നിശ്ചിത സമയപരിധിക്കുള്ളിൽ ഈ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അത് യഥാസമയം പരിശോധിക്കുന്നതാണ്. അതിൽ എവിടെയെങ്കിലും കാലതാമസം വന്നാൽ ബഹുമാനപ്പെട്ട അംഗത്തിന് അത് അപ്പോൾതന്നെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

(7) <u>അഡ്വഞ്ചർ ടൂറിസം അക്കാദമി</u>

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, കേരളത്തിൽ പ്രഖ്യാപിക്കപ്പെട്ട ആദ്യത്തെ അഡ്വഞ്ചർ ടൂറിസം അക്കാദമി എത്രയും വേഗം ആരംഭിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് അന്നത്തെ ടൂറിസം വകുപ്പുമന്ത്രി നിയമസഭയിൽ കേരളത്തിലെ ആദ്യ അഡ്വഞ്ചർ ടൂറിസം അക്കാദമി കാട്ടാക്കട നിയോജകമണ്ഡലത്തിലെ ശാസ്താംപാറയിൽ ആരംഭിക്കുമെന്ന് അറിയിച്ചത്. തുടർന്ന് വിളപ്പിൽ പഞ്ചായത്തിലെ 4.8 ഹെക്ടർ ഭൂമിയുടെ ഉപയോഗാനുമതി

റവന്യൂ വകുപ്പ് പ്രസ്തുത ആവശ്യത്തിനായി വിനോദസഞ്ചാര വകുപ്പിന് നൽകിയിട്ടുമുണ്ട്. കോവിഡിനുശേഷം ലോകമെമ്പാടും പഴയ ജീവിതക്രമത്തിലേയ്ക്ക് തിരികെ വന്നുതുടങ്ങുമ്പോൾ ഏറ്റവും പ്രകടമായ മാറ്റം പ്രത്യക്ഷമാകുന്നത് ടൂറിസം മേഖലയിലാണ്. അതിൽ അഡ്വഞ്ചർ ടൂറിസം അക്കാദമിയുമായി ബന്ധപ്പെട്ട് പുതിയ പ്രവണതകൾ ഉയർന്നുവരുന്നുണ്ട്. കഴിഞ്ഞ നിയമസഭാ കാലയളവിൽ ഞാൻകൂടി അംഗമായിരുന്ന യുവജന ക്ഷേമകാര്യ സമിതി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ സന്ദർശിക്കുകയുണ്ടായി. അവിടെയുള്ള അക്കാദമികളിൽനിന്നെല്ലാം ലഭ്യമായ വിവരം ഭാവിയിൽ അഡ്വഞ്ചർ ടൂറിസം അക്കാദമിക്ക് വലിയ സാധ്യതകളുണ്ടെന്നാണ്. ആ സമിതി ശാസ്താംപാറയിലെ നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ പ്രവർത്തികളാണ് അവിടെ അനിവാര്യമായി നടപ്പാക്കേണ്ടത് എന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തിരുന്നു. ഇന്ത്യയിലെ പ്രശസ്തമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർ സ്പോർട്സ്, ഹിമാലയൻ പർവ്വതാരോഹണ ഇൻസ്റ്റിറ്റ്യൂട്ട്, ഉത്തരാഖണ്ഡിലെ നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങൾ കേരളത്തിലെ നിർദ്ദിഷ്ട അഡ്വഞ്ചർ ടൂറിസം അക്കാദമിയുമായി സഹകരിക്കും എന്നാണ്

അറിയിച്ചിട്ടുള്ളത്. ഈ പശ്ചാത്തലത്തിൽ മാനവശേഷി ഉപയോഗിക്കാൻ പറ്റുന്ന, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പറ്റുന്ന, ആഭ്യന്തര ടൂറിസത്തിന് ഒട്ടേറെ സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാക്കാൻ പറ്റുന്ന തരത്തിൽ ഉയർന്നുവരുന്ന സാധ്യതകളെ ഏറ്റവും പെട്ടെന്ന് ഉപയോഗപ്പെടുത്തുന്നതിന് അഡ്വഞ്ചർ ടൂറിസം അക്കാദമി എത്രയും വേഗം പ്രവർത്തിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ഐ. ബി. സതീഷ് വളരെ കാലികപ്രസക്തിയുള്ള ഒരു ആവശ്യമാണ് ഇവിടെ ഉന്നയിച്ചത്. ടൂറിസത്തിന്റെ ലോകത്ത് പുതിയ ട്രെൻഡ് തന്നെയാണ് അഡ്വഞ്ചർ ടൂറിസം. അതിന് വളരെ സാധ്യതയുള്ള ഒരു സംസ്ഥാനമാണ് കേരളം. കഴിഞ്ഞ ഗവൺമെന്റ് ആ സാധ്യത വളരെ നന്നായി ഉപയോഗപ്പെടുത്താൻ ശ്രമിച്ചിരുന്നു. അത് കുറേക്കൂടി നമുക്ക് മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. ടൂറിസം വികസനത്തിൽ ഈ മേഖലയെ ഫലപ്രദമായി ഉപയോഗിക്കാനാവശ്യമായ മാനവവിഭവശേഷി

ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. ഇതിനായാണ് സംസ്ഥാനത്ത് ഒരു അഡ്വഞ്ചർ ടൂറിസം അക്കാദമി സ്ഥാപിക്കാൻ ടൂറിസം വകുപ്പ് തീരുമാനിച്ചത്. അക്കാദമിക്കായി തിരുവനന്തപുരം കാട്ടാക്കട നിയോജകമണ്ഡലത്തിൽപ്പെട്ട വിളപ്പിൽ പഞ്ചായത്തിലെ വിളപ്പിൽശാല വില്ലേജിൽ 4.85 ഹെക്ടർ റവന്യൂ ഭൂമിയിൽ ടൂറിസം വകുപ്പിന് ഉപയോഗാനുമതി ലഭിച്ചിട്ടുണ്ട്. അഡ്വഞ്ചർ ടൂറിസം അക്കാദമി ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള അഡ്വഞ്ചർ പ്രൊമോഷൻ ടൂറിസം സൊസൈറ്റി തയ്യാറാക്കിയ 9.85 കോടി രൂപയുടെ ഡിപിആർ ധനവകുപ്പിന് സമർപ്പിച്ചിരുന്നു. അഡ്വഞ്ചർ ടൂറിസം അക്കാദമി സ്ഥാപിക്കുന്നത് സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ നൽകുവാൻ ടൂറിസം ഡയറക്ടറോടും നിർദ്ദേശിച്ചിട്ടുണ്ട്. അക്കാദമിയുടെ സവിശേഷതകൾ, കോഴ്സുകളുടെ വിശദാംശങ്ങൾ, സാമ്പത്തിക കാര്യങ്ങൾ എന്നിവ വിശദമാക്കുന്ന വിപുലമായ പ്രൊപ്പോസൽ തയ്യാറാക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം അദ്ദേഹത്തിന് മറ്റ് സംസ്ഥാനങ്ങളിൽനിന്നും ലഭിച്ച അനുഭവം ഇവിടെ സൂചിപ്പിച്ചിരുന്നു. കേരള അഡ്വഞ്ചർ പ്രൊമോഷൻ ടൂറിസം സൊസൈറ്റി പ്രൊപ്പോസൽ തയ്യാറാക്കിവരികയാണ്. അത്

ലഭിച്ചാലുടൻ തീരുമാനമെടുത്ത് മറ്റ് നടപടികളിലേയ്ക്ക് കടക്കുവാനാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ കോവിഡിനുശേഷമുള്ള ഈ പുതിയ ട്രെൻഡിനെ അതേ അർത്ഥത്തിൽതന്നെ നമ്മുടെ സംസ്ഥാനത്ത് ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നതിന് വളരെ അനിവാര്യമാണ് ഈ അക്കാദമി എന്നുതന്നെയാണ് വകുപ്പ് കാണുന്നത്.

(8) കുടിവെള്ള ക്ഷാമം

ഡോ. മാത്യു കുഴൽനാടൻ: സർ, മൂവാറ്റുപുഴ നഗരത്തിലെ വളരെ നാളുകളായി പെൻഡിംഗിലുള്ള പ്രധാനമായ ഒരു വിഷയമാണ് ശ്രദ്ധയിൽകൊണ്ടുവരുന്നത്. 2001-ൽ മൂവാറ്റുപുഴയുടെ നഗരഭാഗത്ത്, കോരമലയിൽ 10 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഒരു വാട്ടർ ടാങ്ക് കെട്ടുകയും അതിന്റെ താഴെയുള്ള സ്ഥലം ഉപയോഗപ്പെടുത്തി ഒരു ഗസ്റ്റ് ഹൗസ് നിർമ്മിക്കുകയും ചെയ്തു. മുഖ്യമന്ത്രിമാരടക്കം പ്രധാനപ്പെട്ട മുഴുവൻ നേതാക്കന്മാരും വന്ന് താമസിച്ചിട്ടുള്ള വളരെ ആകർഷണീയമായ ഒരു ഗസ്റ്റ് ഹൗസ് കൂടിയാണത്. നിർഭാഗ്യവശാൽ 2015-ൽ അതിനു താഴെ മണ്ണിടിച്ചിലുണ്ടായിനുശേഷം വളരെ അപകടകരമായ സ്ഥിതിയിലാണത്

നിൽക്കുന്നത്. തുടർന്ന് പ്രാഥമിക നടപടി എന്ന നിലയ്ക്ക് വാട്ടർ ടാങ്കിന്റെ കപ്പാസിറ്റി 10 ലക്ഷത്തിൽനിന്ന് 60 ശതമാനമായി കുറയ്ക്കാൻ റവന്യൂ ഡിപ്പാർട്ട്മെന്റ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 60 ശതമാനമായി കുറച്ചു. ഐ.ബി. ഉപയോഗിക്കേണ്ടെന്നും പറഞ്ഞതിനാൽ 2015 മുതൽ ആ ഗെസ്റ്റ് ഹൗസും പരിസര പ്രദേശങ്ങളും മുഴുവൻ കാടു പിടിച്ച് ഉപയോഗപ്രദമല്ലാതെ കിടക്കുകയാണ്. ഞാൻ ഇവിടെ ഉന്നയിക്കുന്ന കാര്യത്തിൽ എന്തുവന്നാലും അതിനൊരു പരിഹാരം കാണേണ്ടിയിരിക്കുന്നു; കാണാതിരിക്കാൻ കഴിയില്ല. ഇനിയൊരു അപകടമുണ്ടാകുന്നതുവരെ നമ്മൾ കാത്തു നിൽക്കുമെന്നുള്ളതാണ് പലപ്പോഴും നമ്മുടെ അനുഭവം. അതായത് അതിനു താഴെ ജനവാസമേഖലയും വ്യാപാരസ്ഥാപനങ്ങളുമെല്ലാമുണ്ട്. ഇനിയൊരു ഇടിച്ചിലുണ്ടായി എന്തെങ്കിലും വലിയൊരു ആഘാതം സംഭവിച്ചാൽ അവിടെ ആളുകൾക്ക് ജീവൻ നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടായാൽ അതിനുത്തരവാദി സർക്കാർ മാത്രമായിരിക്കും. 2015 മുതൽ കൺമുൻപിൽ കാണുന്ന ഒരു അപകടത്തെ തിരിച്ചറിയാൻ നമ്മൾ ഇതുവരെ തയ്യാറായിട്ടില്ല. മാത്രമല്ല; 60 ശതമാനമായി ടാങ്കിന്റെ കപ്പാസിറ്റി കുറച്ചതുകൊണ്ട് നഗരത്തിലെ ജലവിതരണം തടസ്സപ്പെടുകയും ഭയങ്കരമായി കുടിവെള്ളക്ഷാമം

അനുഭവപ്പെടുകയും ചെയ്യുന്നു. ഐ.ബി. ഉപയോഗിക്കാൻ കഴിയുന്നില്ല. ചെയ്യേണ്ട കാര്യം സമയത്തിന് ചെയ്യാത്തതുകൊണ്ട് ചെയ്യുന്നതിനുള്ള ചെലവ് ഭയങ്കരമായി വർദ്ധിക്കുകയും ചെയ്യും. ഇത് ചെയ്യാതിരിക്കുന്നതുമൂലമുണ്ടാകുന്ന അപകടം വളരെ വലുതുമാണ്. ഇത്രയേറെ ഗൗരവമുള്ളൊരു വിഷയം 2015 മുതലുണ്ടായിട്ടും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ; അതിനുള്ള നടപടിയുണ്ടാകില്ലേയെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയ പ്രകാരം വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, മൂവാറ്റുപുഴ ജലവിതരണ പദ്ധതിക്കായി 10.7 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണിയാണ് കോരമലയിൽ സ്ഥാപിച്ചിരിക്കുന്നത്. ടാങ്കിൽനിന്നും മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ പകുതി പ്രദേശങ്ങളിലും പായിപ്ര, വാളകം പഞ്ചായത്തുകളിലെ ചില ഭാഗങ്ങളിലും ജലവിതരണം നടത്തിവരുന്നു. 27.06.2015-ൽ ഈ പ്രദേശത്ത് മണ്ണിടിച്ചിൽ ഉണ്ടായതിനെത്തുടർന്ന് കേരള ജല അതോറിറ്റിയുടെ നിർദ്ദേശപ്രകാരം കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം

നടത്തിയ പഠന റിപ്പോർട്ടിൽ ടാങ്കിന് പ്രത്യക്ഷത്തിൽ ബലക്ഷയമൊന്നുമില്ലെന്നും എന്നാൽ മഴക്കാലത്ത് വെള്ളത്തിന്റെ അളവ് കുറച്ചുമാത്രം സംഭരിച്ചുകൊണ്ട് വിതരണം ചെയ്യണമെന്നുമാണ് പറഞ്ഞിരിക്കുന്നത്. വിദഗ്ദ്ധ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജലസംഭരണിയിൽ പൂർണ്ണതോതിൽ ജലം സംഭരിച്ചു നിർത്താതെ പമ്പ് ചെയ്യുന്ന ജലം സംഭരണിയിൽ കയറി ഒഴുകിപ്പോകുന്ന ഒരു ബാലൻസിംഗ് സംഭരണി എന്ന നിലയിലാണ് ഇപ്പോൾ ക്രമീകരിച്ചിട്ടുള്ളത്. 2020 ഒക്ടോബർ മാസത്തെ മഴക്കെടുതിയുടെ സാഹചര്യത്തിൽ 21.10.2021-ൽ കൂടിയ ഡിസ്ട്രിക്ട് ഡിസാസ്റ്റർമെന്റ് മാനേജ്മെന്റ് അതോറിറ്റിയുടെ മീറ്റിംഗിൽ തീരുമാനിച്ചതനുസരിച്ച് മൂവാറ്റുപുഴ താലൂക്കിലെ കോരമലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മണ്ണിടിച്ചിലിനെപ്പറ്റി ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമടങ്ങുന്ന സംഘം സ്ഥലം സന്ദർശിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ കോരമലയിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർടാങ്കിന്റെ സ്ഥാനംകൊണ്ട് സമീപഭാവിയിൽ പ്രസ്തുത സ്ഥലത്തിന്റെ സ്വാഭാവിക ചരിവിന് കാര്യമായ ദോഷമുണ്ടാകില്ലെന്ന് പ്രാഥമികമായി വിലയിരുത്തിയിട്ടുണ്ടെങ്കിലും ആയതിന് വിശദമായ പഠനമാവശ്യമാണ്. ജൽജീവൻ മിഷൻ പദ്ധതി

നഗരപ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുമ്പോൾ, അതിലുൾപ്പെടുത്തി മൂവാറ്റുപുഴയിലെ ജലവിതരണ പദ്ധതിയുടെ പുനരുദ്ധാരണ പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിലൂടെ മുനിസിപ്പാലിറ്റി പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരമാകുന്നതാണ്. ആ പദ്ധതിയിലുൾപ്പെടുത്തി ഈ ടാങ്കിന്റെ സുരക്ഷിതത്വം പരിശോധിച്ച് ആവശ്യമെങ്കിൽ ടാങ്ക് ബലപ്പെടുത്തുകയോ അല്ലാത്തപക്ഷം സൗകര്യപ്രദമായ ഉയർന്ന പ്രദേശങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയോ ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്. ആവശ്യമായ മെയിന്റനൻസ് പ്രവർത്തനങ്ങൾ നടത്തി ഐ.ബി ഉപയോഗയോഗ്യമാക്കാവുന്നതാണ്. ഇതിന് ഏകദേശം 30 ലക്ഷം രൂപ ചെലവു വരുമെന്ന് പ്രതീക്ഷിക്കുന്നു. 2022-23 -ലെ സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി അതിനുള്ള പദ്ധതി നിർദ്ദേശം സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(9) <u>റേഷൻ മണ്ണെണ്ണയുടെ വിലവർദ്ധനവ്</u>

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, കേന്ദ്ര സർക്കാർ മണ്ണെണ്ണയുടെ വില കുത്തനെ കൂട്ടിയിരിക്കുകയാണ്. പെട്രോളിന്റെയും പാചക വാതകത്തിന്റെയും ഡീസലിന്റെയുമെല്ലാം വില വർദ്ധിപ്പിച്ചുകൊണ്ട് വലിയ തോതിൽ

ജനങ്ങളോടുള്ള വെല്ലുവിളിയാണ് കേന്ദ്ര സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ മണ്ണെണ്ണയുടെ കാര്യത്തിലും വീണ്ടും അത് ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ലിറ്ററിന് 47 രൂപയിൽ നിന്നും 55 രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. 8 രൂപയുടെ വർദ്ധനവാണ് ഇപ്പോൾ വരുത്തിയിട്ടുള്ളത്. അത് ചരിത്രത്തിലെ ഏറ്റവും വലിയ വർദ്ധനവാണ്. രണ്ട് വർഷത്തിനിടെ ഗാർഹികാവശ്യത്തിനുള്ള മണ്ണെണ്ണയുടെ വില 37 രൂപയാണ് വർദ്ധിപ്പിച്ചത്. ഇത് എല്ലാവിഭാഗം ജനങ്ങളെയും മത്സ്യത്തൊഴിലാളികളെയും വളരെ ഗുരുതരമായി ബാധിക്കുന്നു; ആദിവാസികളുൾപ്പെടെ മലയോരമേഖലയിൽ താമസിക്കുന്ന ദുർബല ജനവിഭാഗങ്ങളെ ഇത് വലിയ തോതിൽ ബാധിക്കുന്നു. മണ്ണെണ്ണയുടെ വിഹിതം വലിയ തോതിൽ കുറച്ചിട്ടുണ്ട്. 9264 കിലോ ലിറ്റർ കിട്ടിയിരുന്ന സ്ഥാനത്ത് 6480 കിലോ ലിറ്ററായി കുറയ്ക്കുകയുണ്ടായി. വൈദ്യുതീകരിക്കാത്ത വീടുകൾക്ക് പ്രതിമാസം 4 ലിറ്റർ മണ്ണെണ്ണ കിട്ടിയിരുന്ന സ്ഥാനത്ത് 3 മാസം കൂടുമ്പോൾ മാത്രം 4 ലിറ്ററാക്കി കുറച്ചു. അതുപോലെതന്നെ മഞ്ഞ, പിങ്ക് കാർഡുടമകൾക്ക് ഇനി മുതൽ 3 മാസത്തിലൊരിക്കൽ ഒരു ലിറ്റർ മണ്ണെണ്ണ ലഭിക്കുന്ന സാഹചര്യമാണുള്ളത്.

വെള്ള, നീല കാർഡുടമകൾക്ക് 3 മാസത്തിലൊരിക്കൽ അര ലിറ്റർ മണ്ണെണ്ണ മാത്രമേ ഉണ്ടാവുകയുള്ളൂ. ഇത്തരത്തിൽ വലിയ തോതിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തീരുമാനമാണ് കേന്ദ്ര ഗവൺമെന്റ് എടുത്തിട്ടുള്ളത്. ഇക്കാര്യത്തിൽ ശക്തമായ പ്രതിഷേധം നമുക്ക് കേന്ദ്ര സർക്കാരിനുമേൽ ഉയർത്തിക്കൊണ്ടുവരേണ്ടതായിട്ടുണ്ട്. സംസ്ഥാന സർക്കാർ കഴിയുന്ന എല്ലാ ഇടപെടലും നടപടികളും ഇക്കാര്യത്തിൽ സ്വീകരിക്കണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഒക്ടോബർ മാസത്തിൽ മണ്ണെണ്ണ ലിറ്ററിന് 47 രൂപ നിരക്കിലാണ് റേഷൻ കടയിലൂടെ വിതരണം നടത്തിവന്നിരുന്നത്. നവംബർ മാസത്തിൽ കേന്ദ്ര സർക്കാർ മണ്ണെണ്ണയുടെ വിലയിൽ വരുത്തിയ വർദ്ധനവ് കാരണം മണ്ണെണ്ണയുടെ വില്പന വിലയിൽ 8 രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. പെട്രോൾ, ഡീസൽ എന്നിവയുടെ വില വർദ്ധിപ്പിക്കുന്നത് ഓയിൽ കമ്പനികളാണെങ്കിൽ മണ്ണെണ്ണയുടെ വില വർദ്ധിപ്പിക്കുന്നത് കേന്ദ്രസർക്കാരാണ്. സംസ്ഥാന സർക്കാരിന് മണ്ണെണ്ണയുടെ വില വർദ്ധനവിൽ യാതൊരു പങ്കുമില്ല. 2021 നവംബറിലെ വിലവർദ്ധനവ്

ചരിത്രത്തിലെ ഏറ്റവും വലിയ വിലവർദ്ധനവാണ്. 2020 ഏപ്രിൽ മാസം ഒരു ലിറ്റർ മണ്ണെണ്ണയുടെ അടിസ്ഥാനവില 22 രൂപ 26 പൈസയായിരുന്നു. എന്നാൽ 2021 നവംബർ മാസത്തിൽ അത് 45 രൂപ 80 പൈസയായി ഉയർത്തി. ഒന്നര വർഷംകൊണ്ട് മണ്ണെണ്ണയുടെ വില ഇരട്ടിയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. 2020 ഏപ്രിൽ മാസത്തിൽ സംസ്ഥാനത്തിന് അനുവദിച്ചുതന്നിരുന്ന മണ്ണെണ്ണയുടെ അളവ് 13908 കിലോലിറ്ററായിരുന്നു. എന്നാൽ നിലവിൽ അനുവദിക്കുന്നത് 6480 കിലോലിറ്ററാണ്. കാർഡുകളുടെ എണ്ണം കൂടുന്നതിനനുസരിച്ച് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിക്കാത്തതുകാരണം നിലവിൽ 3 മാസത്തിലൊരിക്കലാണ് മുൻഗണനാ കാർഡുകൾക്ക് ഒരു ലിറ്റർ വീതവും മുൻഗണനയിൽ ഉൾപ്പെടാത്ത കാർഡുകൾക്ക് അര ലിറ്റർ വീതവും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് കാർഡ് ഒന്നിന് 8 ലിറ്റർ മണ്ണെണ്ണയും നൽകേണ്ട സാഹചര്യം ഉണ്ടായിട്ടുള്ളത്. 2021 ആഗസ്റ്റ് മാസത്തിൽ മുൻഗണനാ കാർഡുകാർക്ക് ഒരു ലിറ്ററും മറ്റു കാർഡുകാർക്ക് അര ലിറ്റർ മണ്ണെണ്ണയും അധികമായി നൽകുകയുണ്ടായി. സംസ്ഥാനത്തിന് കൂടുതൽ മണ്ണെണ്ണ അനുവദിക്കണമെന്നാവശ്യപ്പെട്ട് 09.08.2021- ലും 08.10.2021- ലും കേന്ദ്ര

സർക്കാരിന് കത്തയച്ചിട്ടുണ്ട്. കൂടാതെ കഴിഞ്ഞ ദിവസങ്ങളിലുണ്ടായ മഴക്കെടുതിയുടെ പശ്ചാത്തലത്തിൽ നോൺ-സബ്സിഡി ഇനത്തിൽ 12000 കിലോ ലിറ്റർ മണ്ണെണ്ണ സംസ്ഥാനത്തിന് അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേന്ദ്രമന്ത്രിക്ക് കത്ത് നൽകുകയുണ്ടായി. ഡിസംബർ മാസംവരെ റേഷൻ കടകളിലൂടെ വിതരണം ചെയ്യാനുള്ള മണ്ണെണ്ണ സർക്കാർ വിട്ടെടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഡിസംബർ മാസംവരെ നിലവിൽ വിട്ടെടുത്ത മണ്ണെണ്ണയുടെ സ്റ്റോക്ക് പഴയ വിലയായ 47 രൂപ നിരക്കിൽ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(10) <u>നടുവിൽ പോളിടെക്നിക്കിന്റെ പ്രവർത്തനം</u>

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഇദംപ്രഥമമായി ആരംഭിച്ച നടുവിൽ ഗവൺമെന്റ് പോളിടെക്നിക് യാഥാർത്ഥ്യമാക്കി വിദ്യാർത്ഥികൾക്കായി തുറന്നുകൊടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 2015-ലാണ് നടുവിൽ ഗവൺമെന്റ് പോളിടെക്നിക് അനുവദിച്ചത്. നടുവിൽ നിലവിലുള്ള ടെക്നിക്കൽ ഹൈസ്കൂളിന്റെ 7.4 ഏക്കർ ഭൂമിയിൽനിന്നും അഞ്ച് ഏക്കർ ഭൂമി വിട്ടുനൽകിയാണ് ഈ

പോളിടെക്നിക്കിന് ആരംഭംകുറിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ആരംഭിച്ചത്. രണ്ട് കൊല്ലം മുമ്പുതന്നെ ഇതിനാവശ്യമായ കെട്ടിട നിർമ്മാണം പൂർത്തിയായതാണ്. മുൻ എം.എൽ.എ. ശ്രീ. കെ. സി. ജോസഫിന്റെ ആസ്തിവികസന ഫണ്ടിൽനിന്നും ഒരു കോടി രൂപയും ശ്രീ. എ. കെ. ആന്റണി എം.പി.-യുടെ ഫണ്ടിൽനിന്നും 75 ലക്ഷം രൂപയും വകുപ്പിന്റെ ഫണ്ടിൽനിന്നും അനുവദിച്ച മറ്റുതുകയും ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് അനുവദിച്ച തുകയുമെല്ലാം ചേർത്ത് അതിനാവശ്യമായിട്ടുള്ള കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചെങ്കിലും രണ്ടുവർഷം മുമ്പ് പൂർത്തിയാക്കിയ ഈ കെട്ടിട നിർമ്മാണത്തിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിക്കാത്തതുകൊണ്ട് ക്ലാസ്സുകൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. AICTE (All India Council for Technical Education) -യുടെ അംഗീകാരം ലഭ്യമാകാത്തതുകൊണ്ടാണ് ക്ലാസ്സുകൾ ആരംഭിക്കാൻ കഴിയാത്തതെന്നാണ് മനസ്സിലാക്കുന്നത്. ഇതിനോടൊപ്പം അനുവദിച്ച മാനന്തവാടി, മഞ്ചേരി എന്നീ പോളിടെക്നിക്കുകൾക്ക് AICTE അംഗീകാരം ലഭിച്ച് അവിടെനിന്നും ഒരു ബാച്ച് പുറത്തിറങ്ങിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നടുവിൽ ഗവൺമെന്റ് പോളിടെക്നിക് വൈകാനുള്ള കാരണമായി മനസ്സിലാക്കുന്നത്

AICTE നിർദ്ദേശിച്ചിട്ടുള്ള നിർദ്ദിഷ്ട മാനദണ്ഡം പൂർത്തീകരിച്ചിട്ടില്ലായെന്നതാണ്. ഇതിനാവശ്യമായിട്ടുള്ള ഭൂമി ഒരേ വകുപ്പിൽനിന്നാണ് കൈമാറിയിരിക്കുന്നത്. അതിനാൽ ആ ഭൂമി റവന്യൂ വകുപ്പ് അളന്നുതിട്ടപ്പെടുത്തി നൽകാത്തതാണ് ഒരു തടസ്സമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അതുകൊണ്ട് ആ നടപടിക്രമങ്ങൾ എത്രയുംവേഗം പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇത്രയും വലിയ തുക ചെലവഴിച്ച്, ഖജനാവ് ഫണ്ട് ഉപയോഗപ്പെടുത്തി എല്ലാ സംവിധാനങ്ങളും ഒരുക്കി. ഇപ്പോൾ ജില്ലാപഞ്ചായത്ത് ആവശ്യമായ ഫർണിച്ചറും അവിടെ ലഭ്യമാക്കി. ഈ സാഹചര്യത്തിൽ എത്രയുംവേഗം AICTE -യുടെ അനുമതി തേടി ക്ലാസ്സുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഇതിന് ഒറ്റവാക്കിൽ മറുപടി പറയാം. അടുത്ത അദ്ധ്യയനവർഷംതന്നെ നടുവിൽ സർക്കാർ പോളിടെക്നിക് കോളേജ്

പ്രവർത്തനം ആരംഭിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്.